# സതേൺ വോയ്സ്



പുസ്തകം1 ലക്കം 4 ഏപ്രിൽ 2024

ചീഫ് എഡിറ്റർ
ഗോഡ്സൻ കുട്ടമല
മാനേജിംഗ് എഡിറ്റർ
ഷൈൻ ദാസ് കണ്ടംതിട്ട

എഡിറ്റോറിയൽ ബോർഡ്
സത്യരാജ് തിരുമല
ജോളി കോവിലൂർ
തങ്കച്ചൻ മാത്യു, മാമ്മൂട്

അസോസിയേറ്റ് എഡിറ്റർ
ജോഷ് മണലയം

അഡ്വൈസറി ബോർഡ് മെമ്പേഴ്സ്
എസ്.ജി.ഗിൽബർട്ട് ആറാമട
ശിംശോൻ ജോസഫ് കാട്ടാക്കട
റ്റി.എ. തോമസ് ഇലന്തൂർ
ജി. ധർമ്മദാസ് കാരക്കോണം
സുന്ദരദാസ് മരത്തകിടി

കവർ ഡിസൈനിംഗ്
ബിനു കട്ടളപ്പാറയിൽ

ടൈപ്പ് സെറ്റിംഗ്
സവിതമോൾ

അടുത്ത ലക്കം
വിഷയം: പരിശുദ്ധാത്മാവും പ്രവൃത്തികളും
ലേഖനങ്ങൾ ടൈപ്പ് ചെയ്ത്
ഏപ്രിൽ 20 മുമ്പായി അയക്കുക

SEND ARTICLES TO
9995927502
EMAIL:
southernvoice2023@gmail.com

# താളുകൾ മറിക്കുമ്പോൾ

എഡിറ്റോറിയൽ
നാം ആരെ തെരഞ്ഞെടുക്കും? — ഗോഡ്സൻ കുട്ടമല — 3
ദൈവത്തിന്റെ മുൻനിർണ്ണയം — ധർമ്മരാജ്. എം കന്നുമാമൂട് — 4
ദൈവാസ്തികൃത്തിന്റെ ആവശ്യകത — തങ്കച്ചൻ മാത്യു മാമ്മൂട് — 5
ദൈവത്തിന്റെ ധാർമ്മിക സംപൂർണ്ണത — പി.വി. വർഗ്ഗീസ് മൂവാറ്റുപുഴ — 7
If There is a God, Why Does Evil Exist in the World? — Jaysingh Mathoorkonam — 8
ദൈവാസ്തികൃത്തിന്റെ തെളിവുകൾ — നിതിൻ വട്ടപ്പാറ — 10
Co-existence of God — Godson P S, Kuttamala — 12
ദൈവം ഉണ്ടെന്ന് ബൈബിൾ നമ്മെ ഓർമ്മപ്പെടുത്തുന്നു — സാം ബാബു ഉച്ചക്കട — 14
ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം — ബിനു ആർ.വി കട്ടളപ്പാറയിൽ — 16
ശാസ്ത്രലോകം
കാറ്റിന്റെ ഭാരം — 20
ക്രിസ്തുശിഷ്യൻമാരായി മാറിയ 10 നിരീശ്വരവാദികൾ — 21
ദൈവാസ്തിത്വം തികച്ചും യാഥാർത്ഥ്യം — ബിജു ബഞ്ചമിൻ അടൂർ — 22


എഡിറ്റോറിയൽ

# നാം ആരെ തെരഞ്ഞെടുക്കും?



ഗോഡ്സൻ
കുട്ടമല

ജനങ്ങൾ ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കുന്ന ഒരു കേന്ദ്രഭരണ സംവിധാനം ഉണ്ടാകുന്നതിലേക്കായി നമ്മുടെ നാടും നഗരവും വളരെ ധൃതഗതിയിലുള്ള മുന്നൊരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. നാം ആർക്കാണ് വോട്ട് ചെയ്യേണ്ടത് എന്നത് ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യമാണ്, അവകാശമാണ്. ആ അവകാശത്തെ ആർക്കും ചോദ്യം ചെയ്യാൻ കഴിയില്ല. എങ്കിലും ഒരു ദൈവപൈതൽ എന്നുള്ള നിലയിൽ എന്റെ വോട്ട് ഞാൻ ആർക്ക് ചെയ്യണം എന്നത് പ്രാർത്ഥനയോടും വിവേകത്തോടെയും തീരുമാനിക്കേണ്ടതാണ്. കാരണം ബൈബിൾ പറയുന്നത് എല്ലാ അധികാരികളെയും നിയോഗിക്കുന്നത് ദൈവമാണ് (റോമ.13:1). ആയതിനാൽ ദൈവത്തിന്റെ മനസ്സ് മനസ്സിലാക്കി ദൈവം ആരെ നിയോഗിക്കുവാനാണോ ആഗ്രഹിക്കുന്നത് ആ ആൾക്കാണ് നാം വോട്ടിടേണ്ടത്. അല്ലാതെ യിസ്രായേൽജനം ചെയ്തതുപോലെ നാം ഒരിക്കലും ചെയ്യരുത്.




### യിസ്രായേലിന്റെ പാപം

ദൈവം തന്നെ നേരിട്ട് ഭരണം നടത്തിയിരുന്ന (theocracy) ഒരു കാലഘട്ടം യിസ്രായേൽ ജനതയ്ക്കുണ്ടായിരുന്നു. അവരുടെ എല്ലാ പ്രാർത്ഥനകൾക്കും ആവശ്യങ്ങൾക്കും ഉടനടി ഉത്തരം നല്കിയിരുന്ന ഒരു നല്ല കാലഘട്ടം ഒരർത്ഥത്തിൽ യിസ്രായേൽജനതയുടെ സുവർണ്ണ കാലഘട്ടം. എന്നാൽ ദൈവീക ഭരണത്തിൻ കീഴിൽ ജീവിച്ചിരുന്ന ഈ ജനത ദൈവീകമായ ഭരണം വേണ്ടായെന്നും മറ്റുള്ളവർക്ക് ഉള്ളതുപോലെ ഒരു രാജാവിനെ ഞങ്ങൾക്ക് വേണമെന്നും (Monarchy) ആവശ്യപ്പെട്ടു. അങ്ങനെ ദൈവം അവരുടെ ആവശ്യപ്രകാരം ഒരു രാജാവിനെ അവർക്കു കൊടുത്തു. തൻമൂലം യിസ്രായേൽജനത ദൈവീക ഭരണത്തിൽനിന്നും രാജകീയ ഭരണത്തിൻ കീഴിലായി. രാജാവിന്റെ കീഴിൽ തുടങ്ങിയ അവരുടെ ജീവിതം കഷ്ടതയും ബുദ്ധിമുട്ടുകളും ചിലപ്പോഴൊക്കെ സന്തോഷവും നിറഞ്ഞതായിരുന്നു. പല പല രാജാക്കൻമാർ അവരെ ഭരിച്ചു. വിവിധങ്ങളായ സാഹചര്യങ്ങളിലൂടെ അവർ മുൻപോട്ട് പോയി. തുടർന്ന് അവർ രാജകീയ ഭരണവും മടുത്തു. ഞങ്ങൾക്കിനി രാജാവിനെ വേണ്ട (Anarchy) എന്ന നിലപാടിലായി. എന്നെ ആരും ഭരിക്കേണ്ട, ഞാൻ തന്നെ എന്നെ ഭരിച്ചോളും. ഹൊ, കഷ്ടം എത്ര വലിയ പരാജയത്തിലേക്കാണ് അവർ വീണുപോയത്. ദൈവത്താൽ നിയമിതരാകാതെ സ്വന്തശക്തിയാൽ, ബലത്താൽ, ഇച്ഛയാൽ ഭരണകർത്താക്കളായവർ ദൈവഹിതം നിറവേറ്റുന്നതിൽ പരാജിതരായി. ദയനീയം എന്നല്ലാതെ എന്തുപറയാൻ. അതുകൊണ്ട് പ്രിയരെ, നിങ്ങളുടെ ഓരോ വോട്ടും ജാതിനോക്കാതെ, വ്യക്തിയെ നോക്കാതെ, പാർട്ടി നോക്കാതെ, മറ്റ് ബാഹ്യമായത് ഒന്നും നോക്കാതെ വചനത്തിൽനിന്നും പ്രാർത്ഥനയോടെ ദൈവഹിതം മനസ്സിലാക്കി ചെയ്യുവാൻ കർത്താവ് സഹായിക്കട്ടെ. അതിലൂടെ ദൈവം ആഗ്രഹിക്കുന്ന ഒരു നല്ല ഭരണസംവിധാനത്തെ സൃഷ്ടിക്കുവാൻ സർവ്വേശ്വരൻ കൃപ നൽകേണ്ടതിനായ് നമുക്ക് പ്രാർത്ഥിക്കാം......

# ദൈവത്തിന്റെ മുൻനിർണ്ണയം



ധർമ്മരാജ്. എം കന്നുമാമൂട്

അവനിൽ താൻ മുൻ നിർണ്ണയിച്ച തന്റെ പ്രസാദത്തിനു തക്കവണ്ണം തന്റെ ഹിതത്തിന്റെ മർമ്മം അവൻ നമ്മോടു അറിയിച്ചു(എഫെ.1:9). സർവ്വജ്ഞാനിയായ ദൈവത്തിന്റെ ത്രികാലജ്ഞാനത്തിൽ സർവ്വത്തെയും കുറിച്ചുള്ള മുന്നറിവിനനുസരിച്ചുള്ള മുൻ നിർണ്ണയമാണ് കാണുന്നത്. ഈ മുൻ നിർണ്ണയം ദൈവത്വത്തിൽ മാത്രം അടങ്ങിയിരിക്കുന്ന ഒരു സവിശേഷതയാണ്. ഈ മുൻനിർണ്ണയം അനാദികാലങ്ങൾക്കപ്പുറമുള്ള ത്രിയേക ദൈവത്തിന്റെ കാര്യപരിപാടിയിലുള്ളതാണ്. (എഫെ.3:11). പിതാവാം ദൈവം തന്റെ പുത്രനിൽ മുൻനിർണ്ണയിച്ച (മുൻതീരുമാനിച്ച) ഈ മർമ്മം തന്റെ ഇഷ്ടമനുസരിച്ച് ബാഹ്യപ്രേരണകൂടാതെ വിശുദ്ധൻമാർക്കു ഗുണകരമായി സഭ മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു. മുൻനിർണ്ണയം ദൈവത്തിന്റെ പരമാധികാരത്തിൽപ്പെട്ടതാണ്. കാലാധീനനും അപരിമേയനുമായ ദൈവത്തിന്റെ മുൻനിർണ്ണയം പരിമിതിയുള്ള മനുഷ്യനു ഗ്രഹിക്കുവാൻ അസാദ്ധ്യമാണ്. ദൈവത്തിന്റെ സഭയെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും ഉള്ള ദൈവികപദ്ധതി അറിയാനുള്ള ബുദ്ധിസാമർത്ഥ്യം മനുഷ്യനില്ല. ദൈവം തന്റെ പുത്രനിൽ നിർണ്ണയിച്ച തന്റെ പ്രസാദത്തിനൊത്തവണ്ണമുള്ള തിരുഹിതത്തിന്റെ മർമ്മം നമ്മോടറിയിച്ചു.

മർമ്മം എന്ന വാക്ക് ഈ ലേഖനത്തിലും കൊലോസ്യ ലേഖനത്തിലുമായി 10 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. മർമ്മം എന്നതിന് വെളിപ്പെടുത്താത്ത രഹസ്യം എന്നാണർത്ഥം. അക്കാലത്തു പുറജാതികളുടെ ഇടയിൽ മർമ്മങ്ങൾ അടങ്ങിയ ആരാധനാരീതികൾ ഉണ്ടായിരുന്നു. അത് സാധാരണക്കാർക്ക് ദുർഗ്രഹവും പ്രത്യേക പരിശീലനം സിദ്ധിച്ചവർക്കു മാത്രം മനസ്സിലാകുന്നതുമായിരുന്നു. മർമ്മം എന്നു പറഞ്ഞാൽ പഴയനിയമകാലത്തു മറഞ്ഞിരുന്നതും പുതിയനിയമത്തിൽ വെളിപ്പെട്ടതുമായ സത്യങ്ങൾ എന്നാണർത്ഥം. (റോമ.10:24,25). ഈ മർമ്മം സഭയെക്കുറിച്ചുള്ള ദൈവത്തിന്റെ മുന്നിർണ്ണയമാണെന്ന് എഫെ.3:1-11 വരെ വ്യക്തമാക്കിയിട്ടുണ്ട്. സൃഷ്ടിയുടെ ആരംഭം മുതൽ ദൈവത്തിന്റെ ഹൃദയത്തിൽ ഉണ്ടായിരുന്നതാണ് ഈ മർമ്മം. (കൊലൊ.1:26,1കൊരി.2:7,റോമ.16:24).

ദൈവം തിരഞ്ഞെടുത്ത യിസ്രായേലിനെ സഭ (അപ്പോ.7:38) എന്നു വിളിക്കുന്നുണ്ടെങ്കിലും അവർക്കു പുതിയനിയമസഭയോടു ബന്ധമില്ല. യിസ്രായേലിനെ ദൈവം വിളിക്കുമ്പോൾ അവർക്കു വാഗ്ദാനം ചെയ്തത് പ്രധാനമായും ഭൗതിക അനുഗ്രഹങ്ങളാണ് (ആവ.28, ആമോ.8:1315). പുതിയനിയമസഭയെ കർത്താവ് വിളിച്ചത് ആത്മീകാനുഗ്രഹങ്ങൾക്ക് പങ്കാളികളാകുവാനാണ്. (എഫെ.1:3). യിസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജാതിയാണ്. അതിൽ അവർ അഭിമാനംകൊണ്ടിരുന്നു. യിസ്രായേൽ പൗരതയോടു ജാതികൾക്കു സംബന്ധമില്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ മുൻനിർണ്ണയപ്രകാരമുള്ള മർമ്മം ക്രിസ്തുവിൽ വിശ്വസിക്കുന്ന ജാതികൾ യഹൂദനോട് കൂട്ടവകാശികളും വാഗ്ദത്തത്തിൽ പങ്കാളികളുമായി തീരുന്നു. (എഫെ.3:6). മനംതിരിഞ്ഞ പുറജാതികൾ (രക്ഷിക്കപ്പെട്ടവർ) സമഅവകാശവും പദവികളും അനുഭവിക്കുന്നു. ക്രിസ്തുവിന്റെ മാർമ്മിക ശരീരമാകുന്ന ദൈവസഭയിൽ വിശ്വസിക്കുന്ന ജാതികളും വിശ്വസിക്കുന്ന യഹൂദനും ഏകശരീരമായി തീരുന്നു. ഇതാണ് ദൈവത്തിന്റെ അനാദികാല നിർണ്ണയമർമ്മം. പഴയനിയമപ്രവാചകൻമാർ ജാതികളുടെ വിളിയെക്കുറിച്ചു പറഞ്ഞിരുന്നു. (യെശ.9:6). സുവിശേഷത്താൽ ജാതികൾ അംഗീകരിക്കപ്പെടുമെന്ന് ദൈവം അബ്രഹാമിനോടും അറിയിച്ചു. (ഗലാ.3:10). എന്നാൽ യഹൂദനും ജാതിയും ക്രിസ്തുവിലുള്ള വിശ്വാസത്തിൽ ഏകശരീരസ്ഥരായി തീരുമെന്ന് പഴയനിയമത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ല. അങ്ങനെ ആയിത്തീരുമെന്നുള്ള ദൈവനിർണ്ണയത്താലുള്ള മർമ്മം പുതിയനിയമ അപ്പോസ്തലൻമാർക്കും പ്രവാചകൻമാർക്കും ദൈവം വെളിപ്പെടുത്തി. അത് ക്രിസ്തുവിന്റെ ക്രൂശുമരണത്താൽ പരിശുദ്ധാത്മസ്നാനം കൊണ്ടാരംഭിച്ച ദൈവസഭയിൽ സാദ്ധ്യമാക്കി.

അനാദിനിർണ്ണയത്തിന്റെ അനന്തരഫലം എഫെ.1:10 ൽ കാണുന്നു. സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം പിന്നെയും ക്രിസ്തുവിൽ ഒന്നായിചേർക്കുക എന്നുള്ള കാലസമ്പൂർണ്ണതയിലെ വ്യവസ്ഥക്കായിട്ടുതന്നെ. പാപം നിമിത്തം സ്വർഗ്ഗവും ഭൂമിയും തമ്മിൽ അകന്നുപോയി. ക്രിസ്തു മൂലമുള്ള വീണ്ടെടുപ്പിനാൽ ദൈവത്തിന്റെ ആധിപത്യം സ്വർഗ്ഗത്തിലും ഭൂമിയിലും ഒരുപോലെ സ്ഥാപിക്കപ്പെടും. ദൈവവും മനുഷ്യനും മാത്രമല്ല സകലസൃഷ്ടികളും സൃഷ്ടാവുമായുള്ള ഐക്യം വന്നുചേരും. (കൊലൊ.1:20). ക്രിസ്തു സ്വർഗ്ഗത്തെയും ഭൂമിയെയും നിരപ്പിലാക്കുന്നു.

# ദൈവാസ്തിക്യത്തിന്റെ ആവശ്യകത



തങ്കച്ചൻ മാത്യു,
മാമ്മൂട്

ദൈവത്തിന്റെആസ്തിക്യം, നിലനില്പ്, ഉണ്മ, അഥവാ ദൈവം ഉണ്ട് എന്ന വസ്തുത നിഷേധിക്കാനാവാത്ത ഒരു യാഥാർഥ്യമാണ്. വിശുദ്ധ ബൈബിളിനുവെളിയിൽ ദൈവാസ്തിക്യത്തിനു ധാരാളം തെളിവുകൾ നിരത്തുവാൻ ഇന്നു ദൈവവിശ്വാസികൾക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ, പകൽവെളിച്ചംപോലെ സ്പഷ്ടമായ തെളിവുകളെ കണ്ണടച്ചിരുട്ടാക്കി സത്യത്തെ അവഗണിക്കുകയാണ് അധികപങ്കാളുകളും ചെയ്യുന്നത്. ഈശ്വരവാദികൾ മുൻപോട്ടുവയ്ക്കുന്ന തെളിവുകളൊന്നും സയുക്തികമല്ല എന്നതല്ല കാതലായ പ്രശ്നം, മറിച്ച്, മനുഷ്യൻ സത്യത്തെക്കാൾ ഇരുളിനെ സ്നേഹിക്കുവാൻ താല്പര്യപ്പെടുന്നു എന്നതാണ് അടിസ്ഥാനപരം.



ശാസ്ത്രബോധമുണ്ടെന്നഭിമാനിക്കുന്ന ആധുനിക മനുഷ്യൻ ദൈവാസ്തിക്യത്തിന്റെ ആവശ്യകതയെ നിരാകാരിക്കുകയാണ്. ദൈവത്തെ കൂടാതെതന്നെ മനുഷ്യനു സ്വയം നിലനില്ക്കാൻ കഴിയുമെന്നും അവന്റെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുവാൻ അവൻ പ്രാപ്തനാണെന്നും മനുഷ്യൻ ചിന്തിക്കുന്നു. ദൈവം ഇല്ല എന്നും, ദൈവത്തെ ഞങ്ങൾ കൊന്നുവെന്നും, ദൈവം മരിച്ചുവെന്നും ആക്രോശിക്കുന്നവരും ഇവിടെയുണ്ട്. ദൈവവിശ്വാസം പഴഞ്ചൻ ആശയമാണെന്നും ആധുനിക കാലത്തിനു ചേരാത്തതാണെന്നും അവ പണ്ടുതന്നെ കാലഹരണപ്പെട്ടുവെന്നും വീരവാദം മുഴക്കുന്നവരും ഇവിടെ ഇല്ലാതെയില്ല. എന്നാൽ, ദൈവത്തേക്കൂടാതെയും ദൈവത്തിന്റെ നിലനിൽപിന്റെ ആവശ്യകതയില്ലാതെയും മനുഷ്യന്റെ നിലനില്പ് അനിശ്ചിതത്വത്തിലാണ്. എന്നെ പിരിഞ്ഞൊന്നും നിങ്ങൾക്ക് ചെയ്യുവാൻ കഴിയുകയില്ല എന്ന ക്രിസ്തുനാഥന്റെ വാക്കുകൾ ഇവിടെ ചിന്തനീയമാണ്.

വിശുദ്ധ ബൈബിളിന്റെ നൈസർഗ്ഗീക സ്വഭാവവും അതിന്റെ രൂപകല്പനയും ദൈവാസ്തിക്യത്തിന്റെ ആവശ്യകതയിലേക്കാണ് വിരൽചൂണ്ടുന്നത്. നാല്പത്തിലധികം രചയിതാക്കൾ, മൂന്നു വ്യത്യസ്ത ഭാഷകളിൽ, മൂന്നു ഭൂഖണ്ഡങ്ങളിലിരുന്നുകൊണ്ടു, പരസ്പരം കാണുകയോ ആലോചിക്കുകയോ ചെയ്യാതെ ആയിരത്തിയറുന്നൂറു വർഷംകൊണ്ടു എഴുതി

പൂർത്തീകരിച്ച വിശുദ്ധതിരുവെഴുത്തുകൾ മാനുഷികം എന്നതിനേക്കാൾ ഒരു ബൌദ്ധികനായ ദൈവത്തിന്റെ നിലനിൽപ്പിന്റെ ആവശ്യകതയിലേക്കാണ് നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത്.

ഉല്പത്തി മുതൽ വെളിപ്പാടുവരെ നീണ്ടുകിടക്കുന്ന ബൈബിളിന്റെ ഇതിവൃത്തം യേ ശുക്രിസ്തുവാണ്. പഴയ-പുതിയനിയമങ്ങളിൽ ഇതു പ്രകടമാണ്. സ്ത്രീയുടെ സന്തതിയിൽ ആരംഭിച്ച് രാജാധിരാജാവും കർത്താധി കർത്താവുമായ ഏക രക്ഷിതാവും മശിഹയുമായ യേശുക്രിസ്തുവിൽ ഇതു എത്തിനില്ക്കുന്നു. പഴയനിയമം യേശുക്രിസ്തുവിന്റെ ഒരുക്കവും സുവിശേഷങ്ങൾ ക്രിസ്തുവിന്റെ അവതരണവും അപ്പൊസ്തലപ്രവർത്തികൾ ക്രിസ്തുവിന്റെ പ്രചാരണവും ലേഖനങ്ങൾ ക്രിസ്തുവിന്റെ വിശദീകരണവും വെളിപ്പാട് ക്രിസ്തു മുഖാന്തരമുള്ള സകലത്തിന്റെയും പരിസമാപ്തിയും വെളിപ്പെടുത്തുന്നു. കാലത്തിന്റേയും സംസ്കാരങ്ങളുടെയും ആശയങ്ങളുടെയും കടന്നുകയറ്റങ്ങൾക്കിടയിൽ സഹസ്രാബ്ദങ്ങളായി ഒരേ വ്യക്തിയധിഷ്ഠിത ചിന്താധാര അറുപത്തിയാറ് പുസ്തകങ്ങളിലും നിർവ്വിഘ്നം തുടരണമെങ്കിൽ ഒരു ദൈവത്തിന്റെ നിലനില്പ് ആവശ്യമായി വരുന്നുണ്ട്.

ബൈബിൾ പ്രവചനങ്ങൾ നിസ്തുലങ്ങളാണ്. അവയിൽ യേശുക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ളത് വിശേഷിച്ചും. നൂറുകണക്കിനു പ്രവചനങ്ങളാണ് ക്രിസ്തുസംബന്ധിയായി ഉണ്ടായിട്ടുള്ളത്. ക്രിസ്തുവിന്റെ പ്രഥമവരവുമായി ബന്ധപ്പെട്ടുതന്നെ മുന്നൂറിലധികം പ്രവചനങ്ങൾ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. രണ്ടാം വരവിനെക്കുറിച്ചുള്ളവയും ബഹുശതമാണ്. അവ അന്യത്ര വേദഗ്രന്ഥത്തിന്റെ താളുകളിൽ ചേർത്തിട്ടുമുണ്ട്. മാനുഷിക വിശകലനങ്ങൾക്കപ്പുറത്ത് ബൈബിൾ പ്രവചനങ്ങളുടെ കൃത്യവും സൂക്ഷ്മവും അക്ഷരികവുമായ നിറവേറലുകൾ ഒരു അമാനുഷിക ബുദ്ധികേന്ദ്രമായ ദൈവത്തെയാണ് ആവശ്യപ്പെടുന്നത്.

അത്ഭുതങ്ങൾ ജിജ്ഞാസയുളവാക്കുന്നതും അതിശയകരവുമാണ്. അത്ഭുതങ്ങളുടെ കലവറയാണ് ബൈബിൾ. മോശെ മുതൽ ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും കാലഘട്ടംവരെ അത്ഭുതങ്ങളുടെ നിദാന്തപ്രകടനം നാം അനുസ്യൂതം ദർശിക്കുന്നുണ്ട്. അത്ഭുതങ്ങൾ ഒരേസമയം സന്ദേശത്തിന്റെയും സന്ദേശവാഹകരുടെയും ദൈവീകത ഉറപ്പിക്കുകയും മനുഷ്യന്റെ ജീവിതഗന്ധിയായ പ്രശ്നങ്ങൾക്കുള്ള ശാശ്വതപരിഹാരമായി അവ വർത്തിക്കയും ചെയ്യുന്നു. പ്രകൃതിനിയമങ്ങളെ അതിലംഘിച്ചുകൊണ്ട് പ്രകൃതിയിലും മനുഷ്യനിലും നടത്തുന്ന ഇത്തരം അമാനുഷിക ഇടപെടലുകൾക്ക് പിന്നിൽ ദൈവാസ്തിക്യം അനിവാര്യമാണ്.

പാപത്തിന്റെ സാർവ്വത്രിക സാന്നിധ്യം നിഷേധിക്കാനാവാത്ത ഒരു വസ്തുതയാണ്. സമൂഹത്തിന്റെ സമസ്ത മേഖലകളിലും തിന്മ കൊടികുത്തി വാഴുന്നു. പാപം സകല മനുഷ്യരെയും ആപാദചൂഡം ഗ്രസിച്ചിരിക്കുന്നു. പാപമോചനത്തിനായി മനുഷ്യനും മതങ്ങളും വിഫലശ്രമം നടത്തുന്നു. പക്ഷേ, പാപപരിഹാരം നല്കാൻ ആർക്ക് സാധിക്കും? പാപത്തിൽനിന്നും അതിന്റെ പരിണിതഫലമായ മരണത്തിൽനിന്നും മനുഷ്യനെ രക്ഷിക്കാൻ കഴിയുന്ന ഒരു ദൈവത്തിന്റെ ആവശ്യകത ഇവിടെ ഒഴിച്ചുകൂടാനാവാത്തതാണ്.

അസ്വസ്ഥചിത്തനായ മനുഷ്യൻ സമാധാനമില്ലാതെ നട്ടം തിരിയുകയാണ്. അവന്റെ മനസ്സിനെ സംതൃപ്തമാക്കുന്ന യാതൊന്നും ലോകത്തിലില്ല. പ്രകൃതി ദുരന്തങ്ങളും അനർഥങ്ങളും തീരാശാപമായി മനുഷ്യനെ പിന്തുടരുന്നു. ചുറ്റും സംഘർഷഭരിതമായ അന്തരീക്ഷം. ശാശ്വതമായ സന്തോഷവും സമാധാനവും എവിടെനിന്നു ലഭിക്കും? ദുഃഖപൂർണ്ണമായ ഈ ദശാസന്ധിയിൽ മനുഷ്യനെ സഹായിക്കാൻ കഴിയുന്നത് ഒരു നിത്യനും സമാധാനദായകനുമായ ദൈവത്തിന്നു മാത്രമാണ്.

യിസ്രായേൽ രാഷ്ട്രത്തിന്റെ ഉദയവും അത്ഭുതകരമായ അസ്തിത്വവും ചരിത്രത്തിന്റെ ഇടനാഴികളിലൂടെയുള്ള അവരുടെ പ്രയാണവും അവർ അനുഭവിച്ച യാതനകളും ക്രൂരതകളും ബൈബിൾ ചരിത്രത്തിന്റെ ഭാഗമാണ്. പീഡനങ്ങളുടെ ചാരക്കൂമ്പാരങ്ങളിൽനിന്നും ഫീനിക്സ് പക്ഷിയെപ്പോലെ ചിറകടിച്ചുയർന്നു പൊങ്ങിയ ആധുനിക യിസ്രായേലിന്റെ നിലനില്പ് മനുഷ്യദൃഷ്ടിയിൽ തികച്ചും അത്ഭുതാവഹമാണ്. മഹാനായ ഫ്രെഡെറിക് തന്റെ ഭിഷഗ്വരനായ സിമ്മർമേനോട് ചോദിച്ചത് ഇവിടെ പ്രസക്തമാണ്. ദൈവാസ്തികൃത്തിന് ഒറ്റവാക്കിൽ ഒരുത്തരം നൽകാമോ എന്നു ചോദിച്ചപ്പോൾ യഹൂദൻ എന്നായിരുന്നു മറുപടി. യഹൂദനോടുള്ള ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ സാക്ഷാൽക്കാരത്തിനും എണ്ണമറ്റ പ്രവചനങ്ങളുടെ അക്ഷരീക നിവൃത്തീകരണത്തിനും സർവ്വശക്തനും സർവ്വജ്ഞാനിയും മികച്ച ആസൂത്രകനുമായ ഒരു ദൈവത്തിന്റെ സാന്നിധ്യവും അസ്തിത്വവും പ്രപഞ്ചത്തിൽ അനിവാര്യമാണ് എന്നു മാത്രമല്ല, ദൈവാസ്തികൃത്തിന്റെ ആവശ്യകത അങ്ങേയറ്റം അരക്കിട്ടുറപ്പിക്കയുമാണ് ചെയ്യുന്നത്.

# ദൈവത്തിന്റെ ധാർമ്മിക സംപൂർണ്ണത



പി.വി. വർഗ്ഗീസ്
മൂവാറ്റുപുഴ

ദൈവം തന്റെസകല സൃഷ്ടികളിൽ നിന്നും സംപൂർണ്ണനായി വ്യത്യസ്തനാണ്. അവൻ തന്റെ സകല സൃഷ്ടികൾക്കും മീതെ അനന്തമായ മഹിമയാൽ ഉയർത്തപ്പെട്ടവനും ആകുന്നു. ഈ വിധത്തിൽ പറയുമ്പോൾ ദൈവത്തിന്റെ വിശുദ്ധി തന്റെ സർവ്വാതിശായിയായ ഒരു അഭേദ്യഗുണമാണ്. ദൈവവിശുദ്ധി മനുഷ്യനിൽ താൻ ഒരു സൃഷ്ടിയാണെന്ന ബോധവും സമ്പൂർണ്ണമായ വിനയവും ഉളവാക്കേണ്ടതാണ്.

ദൈവത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള പഠനത്തിൽ ധാർമ്മിക സമ്പൂർണ്ണതയ്ക്കാണ് മുൻഗണന നൽകാറുള്ളത്. ദൈവത്തിന്റെ ധാർമ്മിക സമ്പൂർണ്ണതയും വേർപാട് എന്ന ആശയത്തോട് ബന്ധപ്പെട്ടിരിക്കുന്നു. ധാർമ്മിക തിൻമയിൽനിന്നും പാപത്തിൽ നിന്നും ദൈവം സമ്പൂർണ്ണമായി വേർപെട്ടവനാണ്.

നിഷേധാത്മകമായ ഒരു വശം മാത്രമല്ല ദൈവവിശുദ്ധിക്കുള്ളത്. ക്രിയാത്മകമായി ധാർമ്മിക സമ്പൂർണ്ണതയും വിശുദ്ധിയുടെ ഭാഗമാണ്. ദൈവത്തിന്റെ ധാർമ്മിക സമ്പൂർണ്ണതയുടെ മുമ്പിൽ മനുഷ്യൻ അശുദ്ധനും പാപിയും ആണ്. ദൈവത്തിന്റെ ധർമ്മശാസ്ത്രപരമായ വിശുദ്ധി (Ethical holiness).

ദൈവം ധാർമ്മിക സംപൂർണ്ണത നിത്യമായി ഇച്ഛിക്കുകയും നിലനിർത്തുകയും പാപത്തെ വെറുക്കുകയും തന്റെ ധാർമ്മിക സൃഷ്ടികളിൽ നിന്ന് പവിത്രത ആവശ്യപ്പെടുകയും ചെയ്യുന്നു എന്നുള്ളതാണ്.

## I. ദൈവത്തിന്റെധാർമ്മികമായ അഭേദ്യഗുണങ്ങൾ (The moral attributes of God)

### A). ദൈവത്തിന്റെ നീതിയും ന്യായവും(Righteousness and justice of God)

നീതിയുടെ അടിസ്ഥാന ആശയം നിയമത്തോട് സംപൂർണ്ണമായി അനുരൂപപ്പെടുക എന്നാണ്. ദൈവം നിയമങ്ങൾക്ക് അതീതനായതുകൊണ്ട് ഈ അർത്ഥത്തിൽ ദൈവനീതിയെക്കുറിച്ച് പറയുവാൻ സാധിക്കുകയില്ല. ദൈവത്തിന്റെ സ്വഭാവമാണ് നീതിയുടെ അളവുകോൽ. ദൈവനീതിക്ക് രണ്ടുവശങ്ങളുണ്ട്.

#### 1) പരമസത്താപരമായ ദൈവനീതി (Absolute justice of God)

ദൈവസ്വഭാവത്തിൽ അടങ്ങിയിരിക്കുന്ന അനന്തമായ ദൈവനീതിയാണിത്. (ആവ.32:4, സങ്കീ.19:9, 89:14, എബ്രാ.9:15, സങ്കീ.132, 2തിമൊ.4:8).

#### 2) ആപേക്ഷികമായ ദൈവനീതി (Relative justice of God)

ദൈവത്തിന്റെ സകലവിധ പ്രവർത്തനത്തിലും വെളിപ്പെട്ടിരിക്കുന്ന സമ്പൂർണ്ണ നീതിയാണിത്. നീതിയുടെ ഈ വശത്തെ ന്യായം (Justice) എന്നാണ് പറയാറുള്ളത്. ആപേക്ഷികമായ ദൈവനീതിക്കും രണ്ടു വശങ്ങളുണ്ട്.

##### a) ദൈവത്തിൽ സർവ്വാധിപത്യപരമായ നീതി (Rectoral Justice of God)

ദൈവം ലോകത്തിന്റെ ഭരണാധിപതി എന്നുള്ള രീതിയിൽ വെളിപ്പെടുന്ന ദൈവനീതിയാണിത്.

##### b) ദൈവത്തിന്റെ പ്രതികരണപരമായ നീതി (Distributive Justice of God).

ദൈവനിയമങ്ങളുടെ നടത്തിപ്പിൽ വെളിപ്പെട്ടുവരുന്ന ദൈവനീതിയാണിത്. ദൈവനിയമങ്ങളെ അനുസരിക്കുന്നവർക്ക് അനുഗ്രഹവും (Remunerative) ലംഘിക്കുന്നവർക്ക് ശിക്ഷയും (Retributive) നൽകുന്നു. (സങ്കീ.89:14, റോമ.2:6, 1പത്രോ.1:17).

ദൈവത്തിന്റെ ശിക്ഷ മനുഷ്യന്റെ നേരെ എന്നതിനേക്കാളുമുപരി മനുഷ്യന്റെ പാപങ്ങൾക്ക് നേരെയാണ്. പാപം ചെയ്ത വ്യക്തി തന്നെ പാപത്തിനുള്ള ശിക്ഷ അനുഭവിക്കണം എന്ന നിർബന്ധം ദൈവനീതിക്കില്ല. പ്രത്യുത പാപത്തിന് തക്കതായ ശിക്ഷ നൽകണം എന്ന് മാത്രമേ ഉള്ളൂ. ഈ ശിക്ഷ പാപം ചെയ്ത വ്യക്തിക്ക് പകരക്കാരനാകുവാൻ യോഗ്യതയുള്ള ഒരു വ്യക്തി ഏറ്റെടുക്കുവാൻ ദൈവനീതി അനുവദിക്കുന്നു. കടക്കാരൻ തന്നെ കടം വീട്ടണം എന്നതിനെക്കാൾ കടം വീട്ടപ്പെടണം എന്നുള്ളതാണ് വസ്തുത.

യേശുക്രിസ്തു ക്രൂശിൽ നിവർത്തിച്ചത് അതുതന്നെയാണ്. മനുഷ്യവർഗ്ഗത്തിന്റെ പാപത്തിന്റെ കടം വീട്ടി. വിശ്വസിക്കുന്നവർക്ക് അത് ദൈവനീതിയായി ദൈവം കണക്കിടുന്നു.

# If There is a God, Why Does Evil Exist in the World?




Jaysingh Mathoorkonam

"One of the most commonly asked questions is, "If there is a God, why is there evil in the world?" That is a fantastic question. Let's discuss about the existence of God, and the purposes of existence of doing good and evil things in the lives of His children and in the world. The first thing we must understand is that our God does many things that our human minds can't understand fully. Many of our doubts can only be completely understood and answered once we join with Christ in heaven. Secondly, the Christian faith is completely built on trust; it is not a religion, but in fact, a relationship with God. We don't follow Christ because of what He does, but because we trust Him and believe He is the true God.

## How can I assure the existence of God?

God is outside of time and has existed eternally. He is the same yesterday, today and forever (Hebrews 13:8). "In the beginning God created heaven and earth" (Genesis 1:1). Revelation 1:8 "I am the Alpha and the Omega," says the Lord God, "who is and who was and who is to come, the Almighty." Isaiah 44:6 Thus says the Lord, the King of Israel and his Redeemer, the Lord of hosts: "I am the first and I am the last; besides me there is no God." These verses clearly describes about the existence of God. The statement from prophets, who saw God in a vision, confirms the appearance and presence of God. Isaiah tells us: "I saw the Lord sitting on a throne, high and lifted up, and the train of His robe filled the temple" (Isaiah 6:1). And John writes in the book of Revelation 4:2,3: "Immediately I was in the Spirit; and behold, a throne set in heaven, and One sat on the throne. He who sat there was like a jasper and a sardine stone in appearance; and there was a rainbow around the throne, in appearance like an emerald." It is clear that they only can stutter or sing about the glory of God Almighty. He is so great, we cannot imagine how great His glory is. Ezekiel 14.23 "And they shall comfort you, when ye see their ways and their doings: and ye shall know that I have not done without cause all that I have done in it, saith the Lord GOD." This verse clearly points out that God has done all things with a purpose and He has made everything beautiful in its time. Let's discuss some of the purposes behind God's works from the Holy Scripture.




## Reasons and purposes of good and evil things.

**1. To do good in your life:-** Usually we will be praying and expecting good things to happen in our lives. Along with our prayers we will ask god to exalt us from our humble situation. I would like to bring your attention to Deuteronomy chapter 8. We could find a particular phrase "humble" is

repeated in verses 2, 3, 15 & 16. Each verse describes the purposes of humbling in the lives. Verse 2 - "to remember all the way which the LORD thy God led thee these forty years in the wilderness, to humble thee, and to prove thee, to know what was in thine heart, whether thou wouldest keep his commandments, or no." and Verse 3 "that he might make you know that man does not live by bread alone, but man lives by every word that comes from the mouth of the Lord", and Verse 15&16 - "that he might humble you and test you, to do you good in the end." According to the purpose of God are all good, and evil things were:

2. To reveal the Glory of God:- The Gospel according to John is quite different from the other gospels. The sickness of Lazarus was not unto death. This shows that Jesus is confident that Lazarus will be restored by the Power of God, even though the illness was a fatal one. Besides, Jesus loved the family, yet He waited for two days; this is to make His death certain, for Lazarus' miracle involves His own death. In other words, there is a deeper meaning in Jesus words: his sickness was not unto death, but to the glory of God. Through his illness, the glory of God will be revealed, as well as of the Son. A different view to this may be that a part of what we call evil occurs for God's glory, The raising of Lazarus (John 11:1-44). Because of the death of their own brother, the sisters were much worried. We could understand from v:32 "Then when Mary was come where Jesus was, and saw him, she fell down at his feet, saying unto him, Lord, if thou hadst been here, my brother had not died". This account includes the narrative of the sickness, death, and the resurrection of Lazarus. It is also the climax of all the signs as Lazarus is presented as a token of the real life of Jesus. It makes the people believe in Him once He has been raised from the dead. Moreover, Jesus proved in this account that He is the resurrection and the life of men for he overcomes death. The resurrection of Lazarus is the revelation of God's healing love through His Son, Jesus Christ, the worker of the miracle, He raised Lazarus, The restoration of Lazarus is the sign that Jesus is really the resurrection and the life. We could understand that Jesus Christ used these bitter situations of this family for the glory of God, that the Son of God might be glorified thereby.

3. Disciplinary action:- Some of evil is the result of God's disciplinary activity. For instance, Exodus 32:35 says "The Lord struck the people with a plague because of what they did with the calf Aaron had made." Similarly, looking back at the old testament when God freed the Israelites to the promised land - they suffered and travelled for 40 years, when in reality, they could have reached the land in just 40 days! Why would God allow all that suffering? The bible tells us one thing, it's because they weren't obedient. Evil may occur because of our disobedience and non-diligence to his commands. Coming back to today's world, God has given us a simple command to love one another as yourself; let's be real - how many of us actually do that? Similarly, another greatest commandment God gave was - love the Lord your God with all your heart, soul, mind and strength (Luke 10:27). If we truly loved one another and God in the way He decrees, we can live a life in harmony with others as it says in Romans 12:16. Much of the hatred and violence we see in the world stems from a disobedience of this one crucial commandment of God.

Evil cannot be understood from our limited perspective, perhaps, there may be one day when we will eventually be able to see how such evil and suffering ultimately occurred for our good. In conclusion, we as humans can only think of different reasons God may allow evil and suffering, our human minds cannot comprehend his works and the true reason. God has plans and none of us have the right to blame or question Him, but we must completely trust him and continue glorifying him whenever possible and believe in him all our life. We do know that God did not create the world with evil in it.

# ദൈവാസ്തികൃത്തിന്റെ തെളിവുകൾ



നിതിൻ വട്ടപ്പാറ

അടുത്തിടെ രണ്ടു സ്നേഹിതന്മാർ തമ്മിൽ നടന്ന രസകരമായ സംഭാഷണം എന്റെ ശ്രദ്ധയിൽപ്പെട്ടു. ഒന്നാമൻ രണ്ടാമനോട് ചോദിച്ചു. നീ പറയുന്നു സകലത്തെയും നിർമ്മിച്ചത് ദൈവമാണെന്ന് . അങ്ങനെയാണെങ്കിൽ ദൈവത്തെ സൃഷ്ടിച്ചത് ആരാണ്? രണ്ടാമന്റെ മറുപടി ഒരു ചോദ്യമായിരുന്നു. ഡാവിഞ്ചി മനോഹരചിത്രമായ മോണാലിസ വരച്ചു അങ്ങനെയാണെങ്കിൽ ഡാവിഞ്ചിയെ വരച്ചത് ആരാണ്? ഒന്നാമൻ ചിരിച്ചുകൊണ്ട് പറഞ്ഞു നീ എന്താണ് പറയുന്നത് ഡാവിഞ്ചിയെ വരയ്ക്കാനോ? അദ്ദേഹം ഒരു ചിത്രമല്ലല്ലോ മനുഷ്യനല്ലേ. രണ്ടാമൻ തുടർന്നു സ്നേഹിതാ അതുപോലെയാണ് ദൈവവും. ദൈവവും മനുഷ്യനും രണ്ടും രണ്ടാണ്. മനുഷ്യനു ആരംഭമുണ്ട് ദൈവത്തിന്നു അതില്ല. മനുഷ്യൻ ഒരു സൃഷ്ടിയാണ്. ദൈവം സൃഷ്ടികർത്താവും. ദൈവം നിർമിച്ചു നല്കിയ പരിമിതമായ തലച്ചോറാണ് മനുഷ്യന്നുള്ളതു. അതുപയോഗിച്ച് ദൈവത്തിന്റെ അസ്ഥിത്വത്തെ ചോദ്യം ചെയ്യുന്നത് ബാലിശമാണ്. ലോകചരിത്രം നാം പരിശോധിക്കുമ്പോൾ നൂറ്റാണ്ടുകൾക്ക് മുന്നമേ ദൈവത്തിന്റെ അസ്തിത്വത്തിനെതിരായ വാദഗതികൾ നിലനിന്നിരുന്നുവെന്നു ഗ്രഹിക്കുവാൻ കഴിയും. പതിനാലാം സങ്കീർത്തനത്തിൽ ദാവീദ് അത്തരത്തിലുള്ളവരെ കുറിച്ച് പരാമർശിക്കുന്നുണ്ട്. എന്തുകൊണ്ടാണ് അത്തരത്തിൽ അവർ പ്രസ്താവന നടത്തുന്നതിന്റെ കാരണം രണ്ടാം വാക്യത്തിൽ അദ്ദേഹം പറയുന്നുണ്ട്. മ്ലേച്ഛത പ്രവർത്തിക്ക എന്നതാണ് അവരുടെ ലക്ഷ്യം. പരമ്പരാഗതമായി രണ്ടു വാദഗതികളാണ് ദൈവത്തിന്റെ അസ്തിത്വത്തിനെതിരായി നിലവിലുള്ളത്.

**1. നിരീശ്വരവാദം.**

നിരീശ്വരവാദ വാദികളുടെ അഭിപ്രായത്തിൽ ദൈവത്തിന്റെ അസ്തിത്വം, ഒരിക്കലും ശാസ്ത്രീയമായി തെളിയിക്കാൻ കഴിയില്ല. അതുകൊണ്ടു ദൈവമില്ല. പക്ഷേ ഇല്ലാത്ത ദൈവത്തെ പരിഹസിക്കുന്നതിൽ അവർ ഉത്സാഹിക്കാറുണ്ട്. നിരീശ്വരവാദം അതിൽ തന്നെ അടിസ്ഥാനമില്ലാത്തതാണ്.




**2. അജ്ഞേയവാദം.**

ദൈവത്തിന്റെ അസ്തിത്വം സംശയനിഴലിൽ വീക്ഷിക്കുന്നവരാണ് ഈ കൂട്ടർ. ദൈവം ഉണ്ടെന്നോ ഇല്ലയോ എന്ന് ഞങ്ങൾ അറിയുന്നില്ല എന്ന് അവകാശപ്പെടുന്നതാണ് അജ്ഞേയവാദം. മേല്പറഞ്ഞ രണ്ടു കൂട്ടരും തങ്ങളുടെ സ്വബുദ്ധിയിൽ ദൈവത്തെകുറിച്ച് ഗ്രഹിക്കാൻ ശ്രമിച്ചു പരാജയമടഞ്ഞവരാണ്. മാനുഷിക ബുദ്ധികൊണ്ടു സർവ്വശക്തനും, സർവ്വജ്ഞാനിയും, സർവ്വവ്യാപിയുമായ ദൈവത്തെ ഗ്രഹിക്ക അസാദ്ധ്യം. ദൈവം സ്വയം വെളിപ്പെടുത്താതെ ദൈവത്തെക്കുറിച്ചറിയുക

എന്നതും സാധ്യമല്ല. എന്നാൽ ദൈവം ആദിമുതൽ തന്നെക്കുറിച്ച് മാനവജാതിക്ക് വെളിപ്പെടുത്തിയിരുന്നുവെന്ന് തിരുവചനം വ്യക്തമാക്കുന്നു (റോമ. 1:20).

വിശുദ്ധ ബൈബിളിലൂടെ ദൈവം മാനവകുലത്തിന് തന്നെക്കുറിച്ച് മനുഷ്യർ ഗ്രഹിച്ചിരിക്കേണ്ട ഏതാനും ചില വസ്തുതകൾ വെളിപ്പെടുത്തിയിരിക്കുന്നു. തിരുവെഴുത്തു ആരംഭിക്കുന്നത് തന്നെ ദൈവത്തിന്റെ പ്രവർത്തിയെ അവതരിപ്പിച്ചുകൊണ്ടാണ്. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉല്പ. 1:1). ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു (സങ്കീ. 19:1). ഇയ്യോബിന്റെ പുസ്തകം 37 മുതൽ 41 വരെയുള്ള അദ്ധ്യായങ്ങളിൽ ദൈവം തന്റെ സൃഷ്ടിയെകുറിച്ചും തന്റെ പദ്ധതികളെകുറിച്ചും ഇയ്യോബുമായി സംവാദിക്കയാണ്. നാളിതുവരെ യാതൊരു മനുഷ്യനും അതിനുള്ള ഉത്തരം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. നാം മുന്നോട്ട് വരുമ്പോൾ ദൈവത്തിന്റെ സവിശേഷതകൾ കാണുവാൻ കഴിയും. വിശുദ്ധനായ, നീതിമാനായ ന്യായാധിപതിയായ, സ്നേഹവാനായ, പാപത്തോടു സന്ധി ചെയ്യാത്ത ദൈവത്തെയാണ് തിരുവെഴുത്തു അവതരിപ്പിക്കുന്നത്. ആ മനുഷ്യൻ തന്റെ ചെറിയ തലച്ചോറു കൊണ്ട് ഈ മഹാ ദൈവത്തെ തന്റെ യുക്തിയിൽ ഒതുക്കി നിർത്തുവാൻ ശ്രമിക്കുന്നതിനെക്കാൾ വലിയ ഭോഷത്തം വേറെയില്ല. ദൈവശാസ്ത്രജ്ഞന്മാർ ദൈവീക അസ്ഥിത്വം സ്ഥാപിക്കുന്നതിനായി ചില വാദങ്ങൾ മുന്നോട്ട് വയ്ക്കുന്നുണ്ട്.

### 1. ഒരു ബുദ്ധിമാനായ ശില്പിയുടെ പിന്തുണയില്ലാതെ യാതൊന്നും ശൂന്യതയിൽ നിന്നും ഉണ്ടാകുന്നില്ല എന്നതാണ് ഒന്നാമത്തെ വാദം (Argument for an Intelligent Designer).

ഈ ലോകത്തിൽ നാം നിരന്തരം കാണുന്നതും ഉപയോഗിക്കുന്നതുമായ നിരവധി വസ്തുക്കൾ ഉണ്ട് അവയെല്ലാം ചില വ്യക്തികളുടെയോ ഒരു വ്യക്തിയുടെയോ ബുദ്ധിയിൽ പിറന്ന ആശയങ്ങൾ പ്രവർത്തികളായി പരിണമിച്ചതിന്റെ ഫലമാണ്. ആയതിനാൽ നാം കാണുന്ന സകല സൃഷ്ടികളുടെയും ബുദ്ധിമാനായ ശില്പി ദൈവമാണ് എന്നതാണ് ഒന്നാമത്തെ വാദം.

### 2. സമൂഹത്തിൽ നന്മയും തിന്മയും നിലനില്ക്കുന്നു എന്നത് മറ്റൊരു വാദം (Argument for the determination of Good and Evil).

ആരാണ് ഈ നന്മയും തിന്മയും തമ്മിൽ തരം തിരിച്ചത്? അതിനായി നിയമനിർമ്മാണം നടത്തിയത് ആരാണ്? ദൈവമാണ് ആ നിയമദാതാവ് എന്നതാണ് ഉത്തരം. മനുഷ്യന്റെ ഉള്ളിലെ മനഃസാക്ഷിയും ദൈവ അസ്ഥിത്വത്തിന്റെ തെളിവാണ്. മനുഷ്യമനസാക്ഷിയിൽ ദൈവീക ന്യായപ്രമാണം ആലേഖനം ചെയ്തിരിക്കുന്നതായി ദൈവവചനം ഓർപ്പിക്കുന്നു (റോമ. 2:15).

### 3. ഊർജ്ജത്തിന്റെ ഉറവിടം എവിടെ നിന്ന്? നാം വസിക്കുന്ന ഭൂമിയിൽ മാത്രമല്ല സൌരയൂഥത്തിലും നിരവധി രാസപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതിന്റെ പ്രഥമ ഊർജ ദാതാവ് ദൈവമാണ് എന്നതാണ് മൂന്നാമത്തെ വാദം.

AD 1265-ൽ ദൈവശാസ്ത്രാഞ്ജനായ തോമസ് അക്വിനാസ് സുമ്മ തിയോളജി പ്രസിദ്ധീകരിച്ചു. ദൈവീക അസ്തിത്വം സംബന്ധിച്ച നിരവധി വാദഗതികൾ അതിൽ നിന്നും ഗ്രഹിക്കുവാൻ കഴിയും. ഇപ്രകാരം പ്രകൃതിയിലും, ദൈവവചനത്തിലും വ്യക്തമായി തന്നെ ദൈവീക അസ്ഥിത്വം വിവരിക്കുമ്പോഴും അത് അംഗീകരിക്കുവാൻ മനസില്ലാത്തവരും ഉണ്ട് എന്നുള്ളത് വാസ്തവമാണ്.

ഇന്നത്തെ കാലത്തെ ഏറ്റവും നല്ല ബിസിനസ്സ് ദൈവം ഇല്ല എന്ന് പ്രചരിപ്പിക്കലാണ്. നവമാധ്യമങ്ങൾ അതിനു കൃത്യമായ തെളിവ് നല്കുന്നു. ഈ നിലയിൽ വ്യാജം പ്രചരിപ്പിച്ചു സാമൂഹ്യ ശ്രദ്ധ പിടിച്ചുപറ്റാനായി ഇറങ്ങി തിരിക്കുന്നവർ ഭാവി തലമുറയെ നാശത്തിലേക്ക് തള്ളിവിടുകയാണ്. അതിനെതിരെ നാം ജാഗ്രതയുള്ളവരായിരിക്കണം. മറ്റൊരു വസ്തുത ദൈവം ഉണ്ടെന്ന് നാം പഠിപ്പിക്കുമ്പോൾ ആ ദൈവത്തെ നാം വേണ്ട നിലയിലാണോ ഭയപ്പെടുന്നതു എന്റെ ജീവിതം ആ നിലയിലാണോ മുന്നോട്ട് പോകുന്നത് എന്ന ചോദ്യം നാം നമ്മുടെ മനസാക്ഷിയോട് ചോദിക്കേണ്ട പ്രധാന ചോദ്യമാണ്? ആയതിനാൽ വരും നാളുകളിൽ ദൈവത്തെ ശരിയായ നിലയിൽ ദൈവഹിതപ്രകാരം ഭയപ്പെട്ടുകൊണ്ടു ഉത്തമസാക്ഷികളായി നമ്മെ ദൈവം ആക്കിവച്ചിരിക്കുന്ന ഇടങ്ങളിൽ ആയിരിക്കാം. സർവ്വകൃപാലുവായ ദൈവം എല്ലാ വായനക്കാരെയും അതിനു ഇടയാക്കി തീർക്കട്ടെ. ദൈവ

# Co-existence of God



Godson P S,
Kuttamala

The existence of God is introductory to the study of theology. The Bible does not seek to prove God's existence, but rather takes it for granted. Scripture expresses a strong doctrine of natural revelation. The existence and attributes of God are evident from the creation itself, even though sinful human beings suppress and twist their natural knowledge of God. So, the leading question in the Old and New Testaments is not whether God is, but rather who God is. To understand that we need to study the co-existence of God. The Bible vividly talks about the coexistence of God. There is one God: Father, Son, and Holy Spirit, a unity of three co-eternal Persons. God is immortal, all-powerful, all-knowing, above all, and ever present. He is infinite and beyond human understanding, yet known through His self-revelation. He is forever worthy of worship, adoration, and service by the whole creation. So, the co-existence of God makes worth in knowing who God is.

## I. THE CO-EXISTENCE OF GOD

Thorough out the pages of Old Testament we see the terms used for God is in PLURAL form which itself speaks about the unity and the coexistence of God. Likewise, when we study the pages of New Testament there also, we see vividly the coexistence of God. Let us see some of those passages,




(A). The time of Jesus's baptism in Matthew 3:16-17 we see that the Father, Son, and Spirit all exist at the same time; that is, They coexist. In this wonderful picture of the divine Trinity, Jesus (the Son) went up from the water after being baptized; at the same time the Spirit descended upon Him; and also, at the same time the Father spoke from the heavens concerning the Son.

(B). In John 14:16-17: "And I will ask the Father, and He will give you another Comforter, that He may be with you forever; even the Spirit of reality." In these two verses we have the Son praying to the Father that the Father would send the Spirit. Hence, the Father, the Son, and the Spirit are all present at the same time.

(C). In Ephesians 3:14-17 Paul says that he will pray the Father to grant us to be strengthened through His Spirit into our inner man that Christ may make His home in our hearts. In this passage we have the Father, the Spirit, and Christ the Son. All exist at the same time.

### 'Modalism' A Heresy :

The heresy of modalism has been around since the third century AD. Proposed by bishop Sabellius, this doctrine asserts that God exists as one Person who shifts between three faces: one for the Father, one for the Son, and one for the Holy Spirit. In other words, the Bible does not say that the Father existed for a certain period of time,

then the Father became the Son so the Father stopped existing. Neither does it say that after a certain period of time the Son no longer existed because He became the Spirit. This is a wrong teaching and this heresy called "modalism." The people who are teaching this think that God exists in three successive modes or stages: first the Father, then the Son, and finally the Spirit. We cannot accept this teaching. Because, the Scriptures clearly tell us that all Three eternally coexist. John 1:1 says, "In the beginning was the Word, and the Word was with God, and the Word was God." The Word is the Son. He was present in eternity with God the Father, and He was God. In John 17:5 the Lord prayed concerning the glory He had shared with the Father before the world was. Both the Father and Son, then, are coeternal. That the Spirit also is eternal is clear from Hebrews 9:14, where He is called "the eternal Spirit." It was this Triune God who said in Genesis 1:26: "Let us make man in our image, after our likeness." All Three were there before the foundation of the world. In relation to the coexistence of God we also need know about the coinherence of God

## II. THE CO-INHERENCE OF GOD

The term Co-inherence was found in the theological writings of Charles Williams, to denote a universal spiritual principle that worked itself out in the material realm in various ways. If we had to come up with a definition of Co-inherence it would read something like, "Things that exist in essential relationship with another, as innate components of the other." which means The Father, the Son, and the Spirit that they live within one another so They are not only coexist but also coinhere. John 14 clearly says that the Son is in the Father and the Father is in the Son and also the Father sends the Spirit (vv. 10-21). To see the Son is to see the Father. When the Son speaks, it is the Father who is working and the Father will give you another advocate to help you and be with you forever that is the Spirit. The Three are inseparable. The Son, in whom is the Father, and He who has Send the Spirit. Thus, God send His Spirit means the Triune God come into the sinner. The Spirit of the Lord works in the heart of a sinner to confess his sin and to believe on the death burial and crucifixion of Christ for the glory of father; so, when the Spirit comes, the Son and the Father comes as well. From one side, They are three; but from the other side, They are one because They cannot be separated. The Father, the Son, and the Spirit that they live within one another. **'Tritheism' A Heresy :** Tritheism is the belief in three Gods, especially in the doctrine that the three Persons of the Trinity are three distinct Gods. According to tritheism, the Father, Son, and Spirit are three separate Gods. Even today, some say that the Father is one God, that the Son is one God, and that the Spirit is also one God. This is tritheism. Whenever the distinctions of the Persons of the Godhead are pressed too far, the result will be tritheism. we have seen that the Father, Son, and Spirit are one God, not three. But, deep within, some Christians consider the Father, Son, and Spirit as three Gods. Some even clearly state this. Others may not say this in words, but they do hold this concept subconsciously. The teaching of three Gods is called "tritheism" and is a great heresy.

In conclusion let me firmly say that the God of the Bible never tried to prove His existence but the existence of God vividly seen throughout the pages of Bible. The coexistence of God and the coinherence of God holds hand in hand to affirm the God of the Bible is not a myth but He is the real one and only God who revealed himself through His Son who is the image of the invisible God, the firstborn over all creation. For in him all things were created: things in heaven and on earth, visible and invisible, whether thrones or powers or rulers or authorities; all things have been created through him and for him. He is before all things, and in him all things hold together. And he is the head of the body, the church; he is the beginning and the firstborn from among the dead, so that in everything he might have the supremacy. So to Him let us give glory and honour, because He himself coinherited and coexisted as Father, Son and Holy Spirit…..Amen

# ദൈവം ഉണ്ടെന്ന് ബൈബിൾ നമ്മെ ഓർമ്മപ്പെടുത്തുന്നു



സാം ബാബു
ഉച്ചക്കട

ദൈവം ഇല്ല എന്നു പറയുന്ന മിക്ക ആളുകളും അങ്ങനെ പറയുന്നതിനുള്ള കാരണം, ഇന്ന് ലോകത്തിൽ നടക്കുന്ന അനീതിയും അക്രമവും രോഗങ്ങളും അപ്രതീക്ഷിത മരണങ്ങളും ഉണ്ടാകുമ്പോൾ അവർക്കുണ്ടാകുന്ന മാനസിക പിരിമുറുക്കത്തിൽ നിന്നാണ്. എന്നാൽ ദൈവം ഉണ്ടെന്ന് ശോധന ചെയ്യാനുള്ള സ്വാതന്ത്ര്യം ബൈബിൾ നമുക്ക് തരുന്നു. ദൈവത്തിന്റെ അദൃശ്യലക്ഷണങ്ങൾ ലോക സൃഷ്ടിമുതൽ അവന്റെ പ്രവർത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടു വരുന്നു(റോമ.1:20). ദൈവം ഉണ്ട് എന്ന് നമ്മളെ ഓർമ്മപ്പെടുത്തുന്ന ചില സത്യങ്ങൾ നമുക്ക് ചിന്തിക്കാം.



### 1. പ്രപഞ്ചം ഒരു സൃഷ്ടാവ് ഉണ്ടെന്ന് അവകാശപ്പെടുന്നു.

795 കോടി മനുഷ്യർ വസിക്കുന്ന, കോടിക്കണക്കിന് മൃഗങ്ങളും പക്ഷികളും വസിക്കുന്ന ഈ ഭൂമിയിൽ എല്ലാത്തിനും ആവശ്യമായ വെള്ളം വെളിച്ചം ഓക്സിജൻ ഒക്കെ സൗജന്യമായി ലഭിക്കണമെങ്കിൽ അതിന്റെ പിന്നിൽ ഒരു സൃഷ്ടിതാവിന്റെ കൃത്യമായ ആസൂത്രണവും ബുദ്ധിയും ഉണ്ട്. ദൈവം നന്മ ചെയ്യുകയും ആകാശത്തുനിന്ന് മഴയും ഫലപുഷ്ടിയും ഉള്ള കാലങ്ങളും നിങ്ങൾക്ക് തരികയും ആഹാരവും സന്തോഷവും

നൽകി നിങ്ങളെ തൃപ്തരാക്കുകയും ചെയ്യുന്നു(അപ്പോ.14:17). ഭൂമിയുടെയും സൂര്യന്റെയും കൃത്യമായ ദൂരം, നക്ഷത്രങ്ങളുടെ കൃത്യമായ സ്ഥാനം, ഗ്രഹങ്ങളുടെയും നക്ഷത്രങ്ങളെയും കൃത്യമായ സഞ്ചാരപഥം, കൃഷിക്ക് ആവശ്യമായ കൃത്യസമയത്തുള്ള മഴയും വെയിലും, ഓരോ മനുഷ്യനും അവന്റേതു എന്നുമാത്രം അവകാശപ്പെടാവുന്ന രൂപ ഭംഗിയും വ്യക്തിത്വവും ഇതിന്റെയെല്ലാം പിന്നിൽ ഒരു സൃഷ്ടിതാവിന്റെ അദൃശ്യമായ കാര്യങ്ങൾ ഉണ്ടെന്ന് നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ഒരു പൊട്ടിത്തെറിയിൽ കൂടി ഇതെല്ലാം സാധിച്ചു എന്ന് പറയുന്നവർ ഇതിന് പിന്നിൽ ഒരു ജീവനുള്ള ദൈവമെന്നുള്ള സത്യം ബോധപൂർവ്വം തള്ളിക്കളയുന്നു. ദൈവത്തിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും ദൈവം ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും.... (സങ്കീ.8:3) നോക്കുമ്പോൾ നമുക്ക് ഈ പ്രപഞ്ചത്തിലൂടെ ദൈവമഹത്വത്തെ മനസ്സിലാക്കാൻ സാധിക്കും.

## 2) ജീവൻ ഒരു ജീവ ദാതാവിനെ അവകാശപ്പെടുന്നു .

ഭൂമിയിൽ കാണുന്ന ഓരോ ജീവിയുടെയും ജീവന് പിറകിൽ ഒരു ജീവ ദാതാവുണ്ടെന്നുള്ളത് ദൈവാസ്തിത്വത്തിനു നമുക്ക് ചുറ്റുമുള്ള ഉദാഹരണമാണ്. ഒരു ജീവനിൽ നിന്ന് മാത്രമേ മറ്റൊരു ജീവൻ ഉണ്ടാവുകയുള്ളൂ. ജീവനില്ലാത്തവയിൽ നിന്നും ജീവൻ ഉണ്ടാക്കുവാൻ പരീക്ഷണശാലയിൽ ശ്രമിച്ചു ഒരു പ്രാവശ്യം പോലും വിജയിക്കാൻ സാധിച്ചിട്ടില്ല. ബൈബിൾ വളരെ വ്യക്തമായി പറയുന്നു ജീവദാതാവിൽ നിന്നുമാത്രമാണ് ജീവൻ വന്നത്. ദൈവം നിലത്തെ പൊടി കൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു(ഉല്പ.2:7). നാം ഇന്ന് ഭൂമിയിൽ കാണുന്ന സകല സസ്യങ്ങളും മൃഗവും പറവ ജാതികളും ഒക്കെ നമ്മുടെ കണ്ണിൻ മുമ്പിൽ കാണുമ്പോൾ നമുക്ക് പറയാം ജീവനുള്ള ഒരു ദൈവം ഇതിന്റെ പിന്നിൽ ഉണ്ട്.

## 3. പ്രവചന നിവർത്തികൾ വിളിച്ചുപറയുന്നു ഒരു ദൈവം ഉണ്ട്.

ആയിരത്തിലധികം വർഷങ്ങൾക്കു മുമ്പ് ദൈവം പ്രവചിച്ച നൂറോളം ദൈവിക പ്രവചനങ്ങൾ നിവൃത്തിയായി കഴിഞ്ഞു, ചിലത് നിവൃത്തിയായി കൊണ്ടിരിക്കുന്നു. അതിലൊന്നാണ് നെബുക്കദ്നേസർ രാജാവ് കണ്ട സ്വപ്നം. രാജാവിന്റെ അഗ്രഗണ്യന്മാർക്കൊന്നും ആ സ്വപ്നം വിവരിക്കാൻ സാധിക്കാതിരുന്നപ്പോൾ ദൈവം ദാനിയേൽ മുഖാന്തരം അതിന്റെ അർത്ഥം പറഞ്ഞു കൊടുത്തു. വലിപ്പമേറിയ ബിംബവും അതിന്റെ രൂപം ഭയങ്കരമായിരുന്നു. ഈ രൂപം വരാൻ പോകുന്ന സാമ്രാജ്യങ്ങളെയും അവരുടെ പതനത്തെയും കാണിക്കുന്നു. ചരിത്രകാരന്മാരും വേദ പണ്ഡിതന്മാരും ദാനിയേലിന്റെ പ്രവചനം സത്യം എന്നും ഈ പ്രവചനങ്ങൾക്കു പിന്നിൽ ദൈവത്തിന്റെ കരങ്ങളുണ്ടെന്നും സമ്മതിക്കുന്നു. അതുപോലെ മറ്റൊന്നാണ് ഇസ്രായേൽ രാഷ്ട്രത്തെ പറ്റിയുള്ള പ്രവചനം. ലോകം മുഴുവനും ചിതറി പോയവർ, സ്വന്തമായി ഒരു രാഷ്ട്രം ഉണ്ടാകുമെന്ന് സ്വപ്നം പോലും കാണാൻ സാധിക്കാതിരുന്നപ്പോൾ തിരുവചന നിവർത്തി പ്രകാരം 1948-ൽ അവർക്ക് അവരുടെ രാഷ്ട്രം ലഭിച്ചു(യിര.24:67). ഇസ്രയേൽ മക്കളെ ഈ ദേശത്തേക്ക് തിരികെ കൊണ്ടുവരും എന്നും അവരെ പണിയും എന്നും ആയിരത്തിലധികം വർഷങ്ങൾക്കു മുമ്പ് ദൈവം പറഞ്ഞ പ്രവചനം നാം ജീവിച്ചിരിക്കുന്ന നൂറ്റാണ്ടിൽ തന്നെ നിവർത്തിയായി.

## 4. നമ്മുടെ പ്രാർത്ഥനയ്ക്ക് ഉത്തരം തരുന്നു.

വ്യക്തിപരമായ നമ്മുടെ ജീവിതത്തിൽ നാം അനുഭവിക്കുന്ന ദൈവീക സാമീപ്യമാണ് പ്രാർത്ഥനയും അതിനു ലഭിക്കുന്ന മറുപടിയും. ഇത് ഒരു നിരീശ്വരവാദിക്കോ പണ്ഡിതനോ ഒന്നും മനസ്സിലാകുകയില്ല. ഒരു ദൈവപൈതലിന് മാത്രമേ ഈ ദൈവിക സാമീപ്യം അറിയുവാൻ സാധിക്കുകയുള്ളൂ. ദൈവത്തിന്റെ അടുക്കൽ വരുന്നവൻ 'ദൈവം ഉണ്ട്' എന്നും തന്നെ അന്വേഷിക്കുന്നവർക്ക് പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കുന്നു. അതുകൊണ്ട് ഈ ദൈവത്തിൽ നമുക്ക് വിശ്വസിച്ചാശ്രയിക്കാം.

# ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം



ബിനു ആർ.വി
കട്ടളപ്പാറയിൽ

സർവ്വത്തിന്റെയും സൃഷ്ടാവും പരിപാലകനുമായ ഒരു ആത്മീയ സത്തയായ പരമോന്നത യാഥാർത്ഥ്യമാണ് ദൈവം. അവിടുന്ന് ശാശ്വതവാനും അനന്തമായി നിലനില്ക്കുന്നവനുമാണ്. അവിടുന്ന് ശക്തിയിലും പൂർണ്ണതയിലും നൻമയിലും മഹത്വത്തിലും ജ്ഞാനത്തിലും നീതിയിലും സത്യത്തിലും മാറ്റമില്ലാത്തവനാണ്. അവിടുന്ന് അറിയാതെ ഒന്നും സംഭവിക്കുന്നില്ല. ഏകനായ ഈ ദൈവത്തിന് തുല്യമായ മൂന്ന് വ്യക്തികളുണ്ട്. പിതാവ്, പുത്രൻ (യേശു), പരിശുദ്ധാത്മാവ്.

### ദൈവം തന്നെക്കുറിച്ച് മോശെയോട് ഘോഷിക്കുന്നു. (പുറ.34:6,7).

സീനായ് പർവ്വതത്തിൽ വീണ്ടും കല്പനകൾ വാങ്ങുവാൻ ദൈവത്തിന്റെയടുക്കൽ ചെന്ന മോശെയ്ക്ക് ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിക്കൊടുക്കുന്നു. ദൈവം ആരാണ് എന്ന് ദൈവം തന്നെ പ്രസ്താവിക്കുന്നതിപ്രകാരമാണ്. "യഹോവ, യഹോവയായ ദൈവം, കരുണയും കൃപയുമുള്ളവൻ, ദീർഘക്ഷമയും മഹാദയയും വിശ്വസ്തതയുമുള്ളവൻ. ആയിരം ആയിരത്തിനു ദയ പാലിക്കുന്നവൻ. അകൃത്യവും അതിക്രമവും പാപവും ക്ഷമിക്കുന്നവൻ; കുറ്റമുള്ളവനെ വെറുതെ വിടാതെ പിതാക്കൻമാരുടെ അകൃത്യം മക്കളുടെ മേലും മക്കളുടെ മക്കളുടെമേലും മൂന്നാമത്തെയും നാലാമത്തെയും തലമുറയോളം സന്ദർശിക്കുന്നവൻ" (പുറ.34:6,7).

### ഏലോഹിമും യഹോവയും (Elohim and Yahweh).

#### ഏലോഹിം (Elohim).



പരിശുദ്ധ വേദപുസ്തകം ആരംഭിക്കുന്നതുതന്നെ ദൈവം (ഏലോഹിം) എന്ന വാക്കിനോടുകൂടെയാണ്. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു"(ഉല്പ.1:1). "ഏലോഹിം" എന്ന വാക്ക് പഴയനിയമത്തിൽ 2500 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. (യഹൂദൻമാരുടെ തനാക്ക് (Tanakh). 'ഏലോഹിം' എന്ന വാക്കിനർത്ഥം ശക്തനായവൻ (mighty one) എന്നാണ്. എബ്രായ ഭാഷയിൽ 'ഏലോഹിം' ഒരു ബഹുവചന നാമമാണ്. എന്നാൽ ഏകസത്യദൈവത്തെ പരാമർശിക്കാൻ ഏകവചനത്തിൽ ഉപയോഗിച്ചിരിക്കുന്നു. അനാദിയും ശാശ്വതവാനുമായ ഏകസത്യദൈവത്തിനുപയോഗിച്ചിരിക്കുന്ന പേരാണ് 'ഏലോഹിം'. അവിടുന്ന് ലോകത്തിന്റെ സൃഷ്ടാവും പരിപാലകനും പരമോന്നത ന്യായാധിപനുമാണ്. "ദുഷ്ടന്റെ ദുഷ്ടത തീർന്നുപോകട്ടെ; നീതിമാനെ നീ ഉറപ്പിക്കേണമേ. നീതിമാനായ ദൈവം ഹൃദയങ്ങളെയും അന്തരിന്ദ്രിയങ്ങളെയും ശോധന ചെയ്യുന്നുവല്ലോ"(സങ്കീ.7:9). ദുഷ്ടതയ്ക്ക് അവസാനം കുറിക്കുന്ന, മനസ്സിനെയും ഹൃദയങ്ങളെയും പരിശോധിക്കുന്ന ദൈവമാണ് 'ഏലോഹിം'. ദൈർഘ്യമേറിയ പേരിന്റെ മുമ്പ് (Prefix) ഏൽ (EL) എന്ന വാക്ക് നിരവധി പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. ഉല്പത്തി.49:25ൽ ഉപയോഗിച്ചി

രിക്കുന്ന സർവ്വശക്തൻ (The mighty one) എന്ന വാക്കിന് എബ്രായഭാഷയിൽ ഏൽ ഷദ്ദായി (EL Shaddai) സർവ്വശക്തനായ ദൈവം എന്നാണ്. ഏൽ എലിയോൺ (EL Elyon) അത്യുന്നതനായ ദൈവം (Most high God) (ഉല്പ.14:18,19,23).

**യഹോവ(Yahweh)**

ബൈബിൾ വെളിപ്പെടുത്തിയിരിക്കുന്ന ദൈവത്തിന് രണ്ടാമതായി ഉപയോഗിച്ചിരിക്കുന്ന പേരാണ് യഹോവ (Yahweh). "ഞാൻ ആകുന്നു" (I am) എന്ന എബ്രായ പദത്തിൽനിന്നാണ് യഹോവ എന്ന പേര് വന്നത്. കത്തുന്ന മുൾപ്പടർപ്പിൽവച്ച് ദൈവം മോശെയോട് ഈജിപ്തിലേക്ക് മടങ്ങിപ്പോകാനും ജനത്തെ നയിക്കാനും കല്പിക്കുമ്പോൾ, ആര് എന്നെ അയച്ചു എന്ന് പറയണമെന്ന് ദൈവത്തോട് ചോദിച്ചപ്പോൾ ദൈവം പറഞ്ഞ മറുപടിയാണ് ഞാൻ ആകുന്നവൻ ഞാൻ ആകുന്നു (I am that I am) (പുറ.3:14,15). യഹോവ എന്ന 4 അക്ഷരങ്ങൾ മാത്രമുള്ള (Tetra grammaton) ഈ പേര് ദൈവത്തിന്റെ സ്വയ അസ്തിത്വത്തെയും (Self existence) സ്വയം പര്യാപ്തതയെയും കുറിക്കുന്നു. സകല ജീവജാലങ്ങളും ജീവനും ശ്വാസത്തിനും നിലനില്പിനും യഹോവയെ ആശ്രയിക്കണം. എന്നാൽ അവിടുന്ന് ആരെയും ആശ്രയിക്കേണ്ടതില്ല. കാരണം അവിടുന്ന് 'ഞാൻ ആകുന്നവൻ ഞാൻ ആകുന്നു'. (I am that I am) (യെശ.45:57).

**അഡോനായ് (Adonai).**

'അഡോനായ്' എന്ന നാമം യഹോവ എന്ന നാമത്തിന് പകരമായി ഉപയോഗിക്കുന്നതാണ്. യഹോവ എന്ന വാക്കുച്ചരിക്കാൻ യിസ്രായേൽജനം ഭയപ്പെട്ടിരുന്നു.(ലേവ്യ.24:16). 'അഡോനായ്' എന്ന വാക്കിന് ശക്തിയും അധികാരവും സ്വാധീനവുമുള്ള യജമാനൻ (കർത്താവ്) അല്ലെങ്കിൽ ഭരണാധികാരി എന്നാണ്. ഉല്പ.15:2ൽ അബ്രാം ദൈവത്തെ വിളിക്കുന്നത് കർത്താവായ യഹോവേ എന്നാണ് (Lord God). അവിടുന്ന് സകലസൃഷ്ടിയുടെയും കർത്താവാണ്.

'യഹോവ' എന്ന പേരിനോട് ചേർന്ന് നിരവധി പേരുകൾ ഉപയോഗിച്ചിട്ടുണ്ട് (Safix).

'യഹോവ യിരേ' (Jaweh Jireh) എന്ന വാക്കിന് യഹോവ കരുതിക്കൊള്ളും എന്നാണർത്ഥം (ഉല്പ.22:14). 'യഹോവ റാഫ' (Jaweh Rapha) യഹോവ സൗഖ്യമാക്കുന്ന ദൈവം എന്നാണർത്ഥം (പുറ.15:26). അവിടുന്ന് നമ്മുടെ സകലരോഗങ്ങളെയും സൗഖ്യമാക്കുന്നു.(സങ്കീ.103:3,147:3). 'ദൈവം ഏകനാണ്' (God is One).(1രാജാ.8:59,1കൊരി.8:6, 1തിമൊ.2:5, പുറ.15:11, യെശ.44:6, 45:25, യോഹ.17:3).

'ശേമ' (Shema) വചനം എന്നറിയപ്പെടുന്ന ആവ.6:4 വിവരിക്കുന്നത് ഇങ്ങനെയാണ്, "യിസ്രായേലേ കേൾക്ക; യഹോവ നമ്മുടെ ദൈവമാകുന്നു; യഹോവ ഏകൻ തന്നെ". ഈ വരികൾ ഏകദൈവവിശ്വാസത്തെക്കുറിച്ചുള്ള (Monotheism) പ്രസ്താവനയാണ്.

**ദൈവം ത്രിയേകനാണ്**

ഏകനായ ദൈവത്തിൽ മൂന്ന് ആളത്വങ്ങൾ ഉണ്ട് (പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്). എന്നാൽ ഈ മൂന്ന് ആളത്വങ്ങളും മൂന്ന് വ്യത്യസ്ത വ്യക്തികളാണ്. ഈ മൂന്നു വ്യക്തികളും പരസ്പരവിരുദ്ധമായി പ്രവർത്തിക്കുന്നില്ല. 'ത്രിയേക ദൈവം' എന്ന പദം ബൈബിളിൽ ഇല്ലെങ്കിലും ത്രിയേക ദൈവത്തെക്കുറിച്ചുള്ള പരാമർശം ബൈബിളിലുടനീളം കാണാം. മനുഷ്യസൃഷ്ടിയോടുള്ള ബന്ധത്തിലും (ഉല്പ.1:26) യേശുക്രിസ്തുവിന്റെ സ്നാനത്തോടുള്ള ബന്ധത്തിലും (മത്താ.4:1317) വിശ്വാസസ്നാനത്തോടുള്ള ബന്ധത്തിലും (മത്താ.28:1820) ത്രിയേക ദൈവത്തിന്റെ സാന്നിദ്ധ്യം പ്രധാനമായും വിവരിച്ചിട്ടുണ്ട്.

**ദൈവം മാറാത്തവനാണ്. (The immutability of God.(മലാ.3:6).**

മാറുന്ന ലോകത്താണ് നാം ജീവിക്കുന്നത്. എല്ലാ വസ്തുക്കൾക്കും മാറ്റം സംഭവിക്കും. മാനവരാശിയും മാറും. എന്നാൽ അത്യുന്നതായ ദൈവം ഒരിക്കലും മാറുന്നില്ല. മലാ.3:6ൽ യഹോവയായ ദൈവം പറയുന്നത്, 'യഹോവയായ ഞാൻ മാറാത്തവൻ'. ദൈവം സാരാംശത്തിൽ, ഉദ്ദേശങ്ങളിൽ, നിർണ്ണയങ്ങളിൽ, വാഗ്ദത്തങ്ങളിൽ, സ്വഭാവങ്ങളിൽ ഒന്നിലും മാറാത്തവനാണ്. സംഖ്യാ.23:19 ഇപ്രകാരം പ്രസ്താവിക്കുന്നു, "വ്യാജം പറവാൻ ദൈവം മനുഷ്യനല്ല; അനുതപിപ്പാൻ അവിടുന്ന് മനുഷ്യപുത്രനുമല്ല. അവിടുന്ന് കല്പിച്ചതു ചെയ്യാതിരിക്കുമോ? അവിടുന്ന് അരുളിചെയ്തത് നിവർത്തിക്കാതിരിക്കുമോ?"(1ശമു.15:29, യെശ.46:911,യെഹ.24:14).

യാക്കോബ് 1:17 ൽ ദൈവത്തിന് 'ഗതിഭേദത്താലുള്ള ആഛേദനം ഇല്ല' (with whom is no variableness, neither shadow of turning) എന്ന് പ്രസ്താവിച്ചിരിക്കുന്നു. എല്ലാ ദിവസവും സൂര്യൻ ഉദിക്കുകയും അസ്തമിക്കുകയും ചെയ്യുന്നു. പ്രത്യക്ഷപ്പെടുകയും അപ്രത്യക്ഷമാകുകയും ചെയ്യുന്നു. ഗതിഭേദങ്ങൾ (seasons) ഉണ്ടാകുന്നു. രാത്രിയും പകലും മാറിമാറി വരുന്നു. എന്നാൽ ദൈവത്തിന് ഒരു മാറ്റവും സംഭവിക്കുന്നില്ല. അവിടുന്ന് പ്രകാശത്തിൽ വസിക്കുന്നു. ഇരുട്ട് ഒട്ടുമില്ല.

**ദൈവം നിത്യനാണ്. (God is eternal).**

നാം ആരാധിക്കുന്ന

ദൈവത്തിന്റെ മനോഹരമായ ഗുണങ്ങളിൽ ഒന്നാണ് 'നിത്യത' (Eternal) എന്നുള്ളത്. ശാശ്വതവാനായ ഒരു ദൈവം ഇല്ലായിരുന്നുവെങ്കിൽ നമ്മുടെ ആരാധന വ്യർത്ഥമാകുമായിരുന്നു. "പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്"(ആവ.33:27). നിത്യതയെക്കുറിച്ചുള്ള ആശയം വേദപുസ്തകത്തിലൂടെ ഉയർന്ന പർവ്വതനിരപോലെ കടന്നുപോകുന്നു. റോമ.1:20ൽ അവിടുത്തെ 'നിത്യശക്തിയെയും ദിവ്യത്വത്തെയും കുറിച്ച്' പറയുന്നു. റോമ.9:5ൽ അവിടുത്തെ "എന്നെന്നേക്കും വാഴ്ത്തപ്പെട്ട ദൈവം" എന്ന് വിളിക്കുന്നു. എഫെ.3:11 ൽ അവിടുത്തെ 'അനാദിനിർണ്ണയത്തെ' (ശാശ്വതമായ ഉദ്ദേശ്യം) കുറിച്ചു സംസാരിക്കുന്നു. 1തിമൊ.1:17ൽ അവിടുത്തെ 'നിത്യനും അക്ഷയനും (അനശ്വരൻ) അദൃശ്യനുമായ രാജാവ്' എന്ന് വിളിക്കുന്നു. ഉല്പ.21:33ൽ പറയുന്നത് അവിടുന്ന് 'നിത്യദൈവം' എന്നാണ്. സങ്കീ.100ൽ പറയുന്നത്, "കർത്താവ് നല്ലവനും; അവിടുത്തെ കാരുണ്യം ശാശ്വതവും അവിടുത്തെ സത്യം തലമുറയോളം നിലനില്ക്കുന്നു" എന്നാണ്.

ദൈവത്തിന് ഒരു തുടക്കമില്ല, ഒരിക്കലും ഒരു അന്ത്യവും ഉണ്ടാകില്ല. അവിടുന്ന് ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിട്ടില്ല. അവിടുന്ന് ഇല്ലാതാകുന്ന ഒരു സമയവും ഉണ്ടാകില്ല. അവിടുന്ന് അനന്തമായി മഹാനാണ്. പ്രവാചകനായ യെശയ്യാവ് എഴുതി: "ഇസ്രായേലിന്റെ രാജാവും അവന്റെ വീണ്ടെടുപ്പുകാരനുമായ സൈന്യങ്ങളുടെ കർത്താവ് ആദ്യനും അവസാനവും ആകുന്നു. അവിടുന്ന് അല്ലാതെ ഒരു ദൈവവുമില്ല"(യെശ.44:6). ദൈവം നിത്യതയിൽ വസിക്കുന്നു. അവിടുന്ന് ഭൂതകാലത്തിലും വർത്തമാനകാലത്തിലും ഭാവികാലത്തിലും ഒരേ നിമിഷത്തിൽ നിലനില്ക്കുന്നു. ഈ നിമിഷവും ദൈവം ഉണ്ട്. അവിടുന്ന് അബ്രഹാമിന്റെ കാലത്തും ഉണ്ട്. അതേ സമയം, ഭാവിയിലും നിലനിൽക്കുന്നു. 'അവിടുത്തെ മഹിമ അഗോചരമാണ്'(His greatness is unsearchable)(സങ്കീ.145:3). 'അവിടുത്തെ ബുദ്ധി അഗോചരമാണ്'(There is no searching of his understanding)(യെശ.40:28). 'അവിടുത്തെ ന്യായവിധികൾ അഗോചരമാണ്'(How unsearchable are his Judgements)(റോമ.11:33). 'അവിടുത്തെ ധനം (സമ്പത്ത്) അഗോചരമാണ്' (unsearcahble riches of christ(എഫെ.3:8).

## ദൈവം സർവ്വശക്തനാണ് (God is omnipotence).

ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം സർവ്വശക്തനും ഇഷ്ടമുള്ളതൊക്കെയും ചെയ്യുവാൻ കഴിവുള്ളവനും ആകുന്നു. ദൈവത്തിന്റെ സർവ്വശക്തിയെക്കുറിച്ച് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. ദൈവത്തിന്റെ സർവ്വശക്തിയെ നമുക്ക് 4 കാര്യങ്ങളിലൂടെ മനസ്സിലാക്കാം.

### 1. സൃഷ്ടിയിൽ

നമ്മുടെ ചുറ്റിലുമുള്ള വിശാലമായ പ്രപഞ്ചം അതിന്റെ അസ്തിത്വം, സങ്കീർണ്ണതകൾ എല്ലാം ദൈവത്തിന്റെ സർവ്വശക്തിയുടെ അനിഷേധ്യമായ തെളിവാണ്.

സങ്കീ.33:69 വരെയുള്ള വാക്യങ്ങൾ പറയുന്നു, "യഹോവയുടെ വചനത്താൽ ആകാശവും അവിടുത്തെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉണ്ടായി". ഇയ്യോബ് വളരെ കഷ്ടതകളിൽ പോരാടിയപ്പോൾ കർത്താവ് തനിക്ക് പ്രത്യക്ഷനായി ചോദിച്ചത്, "ഞാൻ ഭൂമിക്ക് അടിസ്ഥാനമിട്ടപ്പോൾ നീ എവിടെയായിരുന്നു? നിനക്കു വിവേകമുണ്ടെങ്കിൽ പ്രസ്താവിക്ക" (ഇയ്യോ.38:45). എന്നാൽ ഇയ്യോബ് കർത്താവിനോട് മറുപടി പറഞ്ഞത് ഇപ്രകാരമാണ്, "ഞാൻ നിസ്സാരനല്ലോ, ഞാൻ നിന്നോട് എന്തുത്തരം പറയേണ്ടു? ഞാൻ കൈകൊണ്ട് വായ് പൊത്തിക്കൊള്ളുന്നു". ഇയ്യോബിനും ഉത്തരമില്ലായിരുന്നു.

### 2. സൃഷ്ടിയുടെ നിലനില്പിൽ

പ്രപഞ്ചത്തെ സൃഷ്ടിച്ച സർവ്വശക്തനായ ദൈവം അതിനെ നിലനിർത്തുകയും ചെയ്യുന്നു. യെശ.40:26 പ്രസ്താവിച്ചിരിക്കുന്നത് ഇങ്ങനെയാണ്, "നിങ്ങൾ കണ്ണ് മേലോട്ട് ഉയർത്തിനോക്കുവിൻ; ഇവയെ സൃഷ്ടിച്ചതാർ? അവിടുന്ന് അവയുടെ സൈന്യത്തെ സംഖ്യാക്രമത്തിൽ പുറപ്പെടുക്കുകയും അവയെ എല്ലാം പേർ ചൊല്ലി വിളിക്കയും ചെയ്യുന്നു. അവിടുത്തെ വീര്യമാഹാത്മ്യം നിമിത്തവും അവിടുത്തെ ശക്തിയുടെ ആധിക്യം നിമിത്തവും അവയിൽ ഒന്നും കുറഞ്ഞുകാണുകയില്ല". അവിടുന്ന് സൃഷ്ടികളെ നിരീക്ഷിക്കുകയും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു(യിരെ.10:13,സങ്കീ.104). സർവ്വശക്തനായ ദൈവം ഒരു നിമിഷത്തേക്ക് അവിടുത്തെ കൈകൾ പ്രപഞ്ചത്തിൽ നിന്നും പിൻവലിച്ചാൽ, പ്രപഞ്ചത്തിൽ താളപിഴകൾ സംഭവിക്കയും വിസ്മൃതിയിലേക്കും അരാജകത്വത്തിലേക്കും ആണ്ടുപോകയും ചെയ്യും.

### 3. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ

ദൈവത്തിന്റെ സർവ്വശക്തിയെ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ വ്യക്തമായി ദർശിക്കാനാകും. അപ്പോസ്തലനായ പൌലോസ് എഫെ.1:18-21 വരെയുള്ള ഭാഗങ്ങളിൽ വിവരിക്കുന്നതിങ്ങനെയാണ്, "........ അങ്ങനെ അവിടുന്ന് ക്രിസ്തുവിലും വ്യാപരിച്ച് അവിടുത്തെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയർപ്പിച്ചു"ഈ വല്ലഭത്വമുള്ള, സർവ്വശക്തി വിശ്വാസികൾക്കുവേണ്ടിയും വ്യാപരിക്കുന്നു.

(വാക്യം.18). ഈ സർവ്വശക്തിയുടെ അളവറ്റ വലിപ്പം എഫെസ്യയിലുള്ള വിശ്വാസികൾ മനസ്സിലാക്കണമെന്ന് അപ്പോസ്തലൻ പ്രാർത്ഥിക്കുന്നു.(വാക്യം.19).

നിത്യതയിലെ ദൈവം മാനവരാശിയുടെ പാപങ്ങൾക്കായി മനുഷ്യനായി അവതരിച്ച് മരണം വരിച്ചപ്പോൾ പാതാളശക്തികൾ ചിന്തിച്ചു, ഇതോടെ എല്ലാം അവസാനിച്ചുവെന്ന്. എന്നാൽ യേശു ദൈവശക്തിയാൽ മരണത്തെ മാറ്റി മറിച്ചു ഉയർത്തെഴുന്നേറ്റു. ജീർണ്ണനങ്ങൾ മാറി നിശബ്ദമായ ഹൃദയം വീണ്ടുമിടിക്കാൻ തുടങ്ങി. അടഞ്ഞ കണ്ണുകൾ വീണ്ടും തുറക്കാൻ തുടങ്ങി. നിർജ്ജീവമായ മൃതശരീരം വീണ്ടും നടക്കാൻ തുടങ്ങി. വാർദ്ധക്യം, വേദന, രോഗം, മരണം എന്നിവ ഇല്ലാത്ത മഹത്വീകരിക്കപ്പെട്ട ശരീരം ലഭിച്ചു. (ഫിലി.3:20,21). അപ്പോ.2:23,24 ൽ പറയുന്നത്, "നിങ്ങൾ അവിടുത്തെ അധർമ്മികളുടെ കൈയാൽ തറപ്പിച്ചുകൊന്നു. ദൈവമോ മരണപാശങ്ങളെ അഴിച്ചിട്ട് അവിടുത്തെ ഉയിർത്തെഴുന്നേൽപ്പിച്ചു". ക്രിസ്തുവിനെ ശവക്കുഴിയിൽനിന്ന് ഉയർപ്പിച്ച് അവിടുത്തെ ശരീരത്തെ നിത്യതയിലേക്ക് രൂപാന്തരപ്പെടുത്തിയത് ദൈവത്തിന്റെ സർവ്വശക്തിയുടെ വലിയ തെളിവാണ്.

**4. സുവിശേഷത്തിന്റെ രൂപാന്തരപ്പെടുത്തുന്ന ശക്തിയിൽ**

യേശുക്രിസ്തുവിന്റെ ഓരോ ശിഷ്യൻമാരും സർവ്വശക്തനായ ദൈവത്തിന്റെ രൂപാന്തരപ്പെടുത്തുന്ന സുവിശേഷത്തിന്റെ സാക്ഷികളാണ്. റോമ.1:16 ൽ അപ്പോസ്തലനായ പൌലോസ് പ്രസ്താവിക്കുന്നതിങ്ങനെയാണ്, "സുവിശേഷത്തെക്കുറിച്ച് എനിക്ക് ലജ്ജയില്ല. വിശ്വസിക്കുന്ന ഏവനും .......... അത് രക്ഷയ്ക്കായി ദൈവശക്തിയാകുന്നു". ഏതു മനുഷ്യനെയും രൂപാന്തരപ്പെടുത്താൻ ശക്തിയുള്ളതാണ് 'സുവിശേഷം'. ഒരുവൻ സുവിശേഷം കേട്ട് വിശ്വസിച്ച് വീണ്ടുംജനനം പ്രാപിക്കുമ്പോൾ ആ വ്യക്തിയിൽ, ദൈവത്തിന്റെ സർവ്വശക്തിയുടെ പ്രവൃത്തിയാണ് ദർശിക്കുന്നത്.

## ദൈവം സർവ്വജ്ഞാനിയാണ്. (God is Omnisience)

ദൈവത്തിന്റെ അറിവ് അനന്തമാണ്. അവിടുന്ന് എല്ലാം അറിയുന്നു. ഭൂതവും വർത്തമാനവും ഭാവിയും എല്ലാം ദൈവത്തിനറിയാം. 139ാം സങ്കീർത്തനം ആരംഭിക്കുന്നതിങ്ങനെയാണ്, "യഹോവേ, അവിടുന്ന് എന്നെ ശോധന ചെയ്ത് അറിഞ്ഞിരിക്കുന്നു; ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അവിടുന്ന് അറിയുന്നു. എന്റെ നിരൂപണം അവിടുന്ന് ദൂരത്തുനിന്നു ഗ്രഹിക്കുന്നു". "ദൈവം, അവിടുന്ന് വലിയവനും ശക്തിയേറിയവനും ആകുന്നു. അവിടുത്തെ വിവേകത്തിന് അന്തമില്ല" (His understanding is infinite)(സങ്കീ.147:5). ദൈവത്തിന്റെ ഗ്രാഹ്യം അനന്തമാണ്. "അവിടുന്ന് ആദിമുതൽ അവസാനവും മേലാൽ സംഭവിപ്പാനുള്ളതും പ്രസ്താവിക്കുന്നു" (യെശ.46:10,അപ്പോ.15:18). പ്രകൃതിയിലെ എല്ലാം അവിടുന്ന് അറിയുന്നു(സങ്കീ.147:4, മത്താ.10:29,30). എല്ലാ മനുഷ്യരുടെയും എല്ലാ വഴികളും അവിടുന്ന് അറിയുന്നു(സദൃ.5:21, സങ്കീ.139:24, ആമോ.9:24). ദൈവം തനിക്കുള്ളവരെ പ്രത്യേകിച്ചറിയുന്നു(2തിമൊ.2:19). നമ്മുടെ ദുഃഖങ്ങളെ അവിടുന്ന് അറിയുന്നു(പുറ.3:7). നമ്മുടെ ആവശ്യങ്ങളെ അവിടുന്ന് അറിയുന്നു(മത്താ.6:8,32). നമ്മുടെ ജീവിതത്തിലെ ഏറ്റവും ചെറിയ വിശദാംശങ്ങൾ മാത്രമല്ല, നമുക്ക് ചുറ്റുമുള്ള എല്ലാ കാര്യങ്ങളും അവിടുന്ന് അറിയുന്നു(മത്താ.10:2930). ശലോമോൻ ദൈവത്തിന്റെ സർവ്വജ്ഞാനം ഗ്രഹിച്ചുകൊണ്ട് പറയുന്നതിപ്രകാരമാണ്, "കർത്താവേ അവിടുന്ന് മാത്രമല്ലോ സകല മനുഷ്യപുത്രൻമാരുടെയും ഹൃദയത്തെ അറിയുന്നത്"(1രാജാ.8:40).

## ദൈവം സർവ്വവ്യാപിയാണ്. (God is omnipresent).

ദൈവത്തിന്റെ സാന്നിദ്ധ്യം എല്ലാ ഇടവുമുണ്ട്. അവിടുത്തെ സാന്നിദ്ധ്യം പരിമിതമല്ല. മനുഷ്യസാന്നിദ്ധ്യം പരിമിതമാണ്. അവിടുന്ന് വിദൂരമായ ഒരു സ്ഥലത്ത് (സ്വർഗ്ഗം) ഒതുങ്ങി നിൽക്കുന്നവനല്ല. ചിലർ ദൈവത്തെ അവിടവിടെ ചില സ്ഥലങ്ങളിൽ ഒതുക്കി നിർത്തുവാൻ ശ്രമിക്കുന്നു. (ബഹുദൈവ വിശ്വാസികൾ). ചിലർ എല്ലാ വസ്തുക്കളിലും ദൈവത്തെ കാണുവാൻ ശ്രമിക്കുന്നു (പാന്തിസ്റ്റുകൾ). എന്നാൽ ദൈവം ഇതിനെയെല്ലാം മറികടക്കുന്നു. അവിടുന്ന് എല്ലാ സൃഷ്ടിക്കും അപ്പുറമാണ്. 139 ാം സങ്കീർത്തനം 7-12 വരെയുള്ള വാക്യങ്ങളിൽ ദാവീദ് പറഞ്ഞിരിക്കുന്നതിപ്രകാരമാണ്, "നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും?" മനുഷ്യന് ദൈവത്തിന്റെ സാന്നിദ്ധ്യത്തിൽനിന്നും ഓടിഒളിക്കാൻ സാധിക്കില്ല. കാരണം ദൈവം എല്ലായിടവുമുണ്ട്. സ്വർഗ്ഗത്തിൽ ദൈവത്തിന്റെ മഹത്വത്തിന്റെ സാന്നിദ്ധ്യമുണ്ട്. നരകത്തിൽ ദൈവക്രോധത്തിന്റെ സാന്നിദ്ധ്യമുണ്ട്. ഇന്ന് ലോകം ദൈവത്തിൽനിന്നും ഓടി ഒളിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ദൈവം ചോദിക്കുന്നത്, "ഞാൻ കാണാതവണ്ണം ആർക്കെങ്കിലും മറയത്തൊളിപ്പാൻ കഴിയുമോ?"(യിരെ.23:24). എന്നാണ്. "സ്വർഗ്ഗം അവിടുത്തെ സിംഹാസനവും ഭൂമി അവിടുത്തെ പാദപീഠവുമാണ്" (യെശ.66:12). അവിടുത്തെ സ്വർഗ്ഗീയ സിംഹാസനത്തിൽ അവി

ടുത്തെ കണ്ണ് എപ്പോഴും തീഷ്ണമാണ്. സമീപവും ദൂരവും ദൈവത്തിന് ഒരു പ്രശ്നമല്ല.

ഒരു കെട്ടിടത്തിലോ പള്ളിയിലോ ദൈവത്തെ ഉൾക്കൊള്ളാൻ കഴിയില്ല. യരുശലേമിൽ ദൈവാലയം പണികഴിപ്പിച്ചിട്ട് ശലോമോൻ ഇപ്രകാരം പറഞ്ഞു,“സ്വർഗ്ഗത്തിലും സ്വർഗ്ഗാധിസ്വർഗ്ഗത്തിലും അവിടുന്ന് അടങ്ങുകയില്ലല്ലോ” (2ദിന.2:6). ദൈവം ഇല്ലാത്ത പ്രപഞ്ചത്തിന്റെ ഒരു ചെറിയ ഭാഗം പോലുമില്ല. എല്ലായിടവും നിറഞ്ഞുനിൽക്കുന്നു.


ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം സർവ്വശക്തനും സർവ്വവ്യാപിയും സർവ്വജ്ഞാനിയും നിത്യനും മാറാത്തവനും വിശുദ്ധനും ദയയുള്ളവനും നൻമ നിറഞ്ഞവനുമാണ്. ഈ ദൈവത്തെപ്പോലെ മറ്റൊരു ദൈവമില്ല. ലോകത്തെയും അതിലുള്ള എല്ലാറ്റിനെയും സൃഷ്ടിച്ച ത്രിയേക ദൈവത്താലാണ് നാം ജീവിക്കുന്നത്.ചലിക്കുന്നത്.

ശാസ്ത്രലോകം

# കാറ്റിന്റെ ഭാരം

വായുവിന് ഭാരം ഉണ്ടെന്ന് ആധുനികകാലത്ത് ശാസ്ത്രജ്ഞർ കണ്ടുപിടിച്ചിട്ട് ഏകദേശം മുന്നൂറ് വർഷമേ ആയിട്ടുള്ളൂ. എന്നാൽ മുപ്പത്തിയഞ്ചിലധികം നൂറ്റാണ്ടുകൾക്കുമുമ്പ് ഇയ്യോബിന്റെ പുസ്തകത്തിൽ കാറ്റിന്റെ ഭാരത്തെക്കുറിച്ച് പ്രസ്താവിച്ചിട്ടുണ്ട്.“അവിടുന്ന് ഭൂമിയുടെ അറ്റങ്ങളോളവും നോക്കുന്നു; ആകാശത്തിന്റെ കീഴിലൊക്കെയും കാണുന്നു. അവിടുന്ന് കാറ്റിനെ തൂക്കിനോക്കുകയും വെള്ളത്തിന്റെ അളവ് നിശ്ചയിക്കുകയും ചെയ്യുന്നു”(ഇയ്യോ.28:24,25). വായുവിന്റെയും വെള്ളത്തിന്റെയും ആപേക്ഷിക ഭാരങ്ങൾ (The relative weights of air and water) ഭൂമിയിൽ ജീവൻ നിലനിർത്തുന്ന ജല വൈദ്യുത ചക്രത്തിന്റെ (Hydrologic cycle) കാര്യക്ഷമമായ പ്രവർത്തനത്തിന് ആവശ്യമായ കൃത്യ അളവിൽ (precise amounts) ദൈവം വെച്ചിരിക്കുന്നു.

മറ്റൊരു ശ്രദ്ധേയമായ ഭാഗമാണ് ഇയ്യോ.37:16ൽ പ്രസ്താവിച്ചിരിക്കുന്നത്. “മേഘങ്ങളുടെ ആക്കത്തൂക്കവും ജ്ഞാനസമ്പൂർണ്ണനായവന്റെ അദ്ഭുതങ്ങളും നീ അറിയുന്നുവോ?” മേഘങ്ങൾ ദ്രവരൂപത്തിലുള്ള ജലത്തുള്ളികളാൽ നിർമ്മിതമാണ്. വെള്ളം വായുവിനെക്കാൾ ഭാരമുള്ളതാണ്. അപ്പോൾ അവ എങ്ങനെയാണ് ആകാശമണ്ഡലത്തിൽ സന്തുലിതമായത് (Balance). ഇയ്യോ.36:27,28 വാക്യങ്ങളിൽ ഇതിനുത്തരമുണ്ട്. “അവിടുന്ന് നീർത്തുള്ളികളെ ആകർഷിക്കുന്നു. അവിടുത്തെ ആവിയാൽ അവ മഴയായി പെയ്യുന്നു”.



കാലാവസ്ഥാ നിരീക്ഷകർക്കറിയാം (Meteorologists) മേഘങ്ങളിലെ ചെറിയ ജലത്തുള്ളികളുടെ ഭാരം (weight of the winds) കാറ്റിന്റെ ഭാരംകൊണ്ട് സന്തുലിതമാണ്. ചെറിയ ജലത്തുള്ളികൾ കൂടിച്ചേർന്ന് വലിയ തുള്ളികൾ ഉണ്ടാകുന്നു, അത് മഴയായി താഴേക്ക് വീഴുന്നു. “അവിടുന്ന് കാർമേഘത്തെ ഈറംകൊണ്ട് കനപ്പിക്കുന്നു. അവിടുന്ന് മിന്നലുള്ള മേഘത്തെ പരത്തുന്നു”(ഇയ്യോ.37:11). ഈ വാക്യങ്ങളിൽ ആധുനിക ശാസ്ത്രത്തിന്റെ പദപ്രയോഗങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും അത് തികച്ചും ശാസ്ത്രീയവും സമകാലികവുമാണ്.

# ക്രിസ്തുശിഷ്യൻമാരായി മാറിയ 10 നിരീശ്വരവാദികൾ

## 1. ആൽബർട്ട് ഹെൻറി റോസ് (1881 -1950)

ഒരു ആംഗലയ അഭിഭാഷകനും പത്രപ്രവർത്തകനുമായിരുന്നു. മാത്രമല്ല ഒരു നോവലിസ്റ്റ് എന്ന നിലയിൽ റോസ് ഫ്രാങ്ക് മോറിസൺ എന്നറിയപ്പെട്ടു. ബൈബിളിനെ വിമർശിക്കുകയും ഡാർവനിസത്തെ സ്വീകരിക്കുകയും ചെയ്ത വ്യക്തി. എന്നാൽ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെക്കുറിച്ച് പഠിക്കുകയും നിരവധി പ്രബന്ധങ്ങൾ എഴുതുകയും ചെയ്തു. ദീർഘനാളത്തെ പഠനത്തിനൊടുവിൽ യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തെ അംഗീകരിച്ചുകൊണ്ട് 1930 ൽ who moved the stones എന്ന പുസ്തകം രചിച്ചു.

## 2. ആന്റണി ഫ്ളെവ് (1923 -2010)

ഒരു പ്രസംഗകന്റെ മകനും ബ്രിട്ടീഷ് തത്വചിന്തകനുമായിരുന്നു. 1950 ൽ ദൈവാസ്തിത്വത്തെ നിരാകരിച്ചുകൊണ്ട് പ്രബന്ധം അവതരിപ്പിച്ച് നിരീശ്വരവാദത്തിന്റെ ബൗദ്ധികശബ്ദമായി മാറി. എന്നാൽ 2004 ൽ നിരീശ്വരവാദ സമൂഹത്തെ ഞെട്ടിപ്പിച്ചുകൊണ്ട് താൻ ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് പ്രഖ്യാപിച്ചു. മരിക്കുന്നതിനു മൂന്നു വർഷം മുമ്പ് "There is God How the world's most notorious Atheist changed his mind" എന്ന പുസ്തകം രചിച്ചു.

## 3. അലിസ്റ്റർ ഇ. മാഗാത്ത് (1953)

പരിണാമത്തിൽ വിശ്വസിച്ചിരുന്ന ഒരു ഐറിഷ് ആംഗ്ലിക്കൻ പുരോഹിതനും ചരിത്രകാരനും ബയോകെമിസ്റ്റ് ശാസ്ത്രജ്ഞനുമാണ് അലിസ്റ്റർ മാഗാത്ത്. എന്നാൽ അദ്ദേഹം ഒരു ക്രിസ്ത്യൻ അപ്പോളജിസ്റ്റും എഴുത്തുകാരനുമായി. നിരീശ്വരവാദം ഒരു തെറ്റാണെന്ന് താൻ എന്തുകൊണ്ട് തിരിച്ചറിഞ്ഞു എന്ന് വിവിധ ഇടങ്ങളിൽ പ്രസംഗിച്ചു.

## 4. ഫ്രാൻസിസ് കോളിൻസ് (1950)

ഒരു അമേരിക്കൻ ഫിസിഷ്യനും ജനിതക ശാസ്ത്രജ്ഞനുമായിരുന്നു. മനുഷ്യന്റെ ജീനോമിനെക്കുറിച്ചുള്ള കോളിൻസിന്റെ പ്രവർത്തനങ്ങൾ ദൈവത്തിന്റെ അസ്തിത്വത്തിന്റെ വലിയ തെളിവുകളായി മാറി. 1970 കളിൽ അദ്ദേഹം ക്രിസ്തു വിശ്വാസിയായി മാറി.

## 5.ജോൺ ഗുർഡൻ (1933)

ഒരു ബ്രിട്ടീഷ് ജീവശാസ്ത്രജ്ഞനാണ്. ന്യൂക്ലിയർ ട്രാൻസ്പ്ലാന്റേഷനിലും ക്ലോണിംഗിലും ഗവേഷണം നടത്തിയിട്ടുണ്ട്. 2009 ലാസ്കർ അവാർഡ് ലഭിച്ചു. താൻ ഒരു അജ്ഞേയ വാദിയായിരുന്നു. ഒരിക്കൽ EWTN. Com ന് നൽകിയ അഭിമുഖത്തിൽ ഞാൻ ചർച്ച് ഓഫ് ഇംഗ്ലണ്ടിലെ ഒരു ക്രിസ്ത്യാനിയാണ് എന്ന് വ്യക്തമായി പ്രഖ്യാപിച്ചു.

## 6. ജോൺ ലെനോക്സ് (1943)

ഒരു ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞനും ശാസ്ത്രതത്വചിന്തകനുമായിരുന്നു. കൗമാര പ്രായത്തിൽ ദൈവത്തിന്റെ അസ്തിത്വത്തെക്കുറിച്ചുള്ള സംശയങ്ങളുണ്ടായിരുന്നെങ്കിലും ഗണിതത്തിലും ശാസ്ത്രത്തിലുമുള്ള അദ്ദേഹത്തിന്റെ പഠനം ദൈവവിശ്വാസത്തിലേക്ക് നയിച്ചു.

## 7. ജോൺ എക്സിസ് (1903 -1997)

സർ ജോൺ എക്ലിസ് ഒരു ന്യൂറോ ഫിസിയോളജിസ്റ്റും



ആൽബർട്ട് ഹെൻറി റോസ് | ആന്റണി ഫ്ളെവ് | അലിസ്റ്റർ ഇ. മാഗാത്ത് | ഫ്രാൻസിസ് കോളിൻസ് | ജോൺ ഗുർഡൻ | ജോൺ ലെനോക്സ് | ജോൺ എക്സിസ് | ജോർദാൻ പീറ്റേഴ്സൺ | ലീസ് ട്രോബെൽ | റോസലിൻഡ് പിക്കാർഡ്

ഫിസിയോളജി മെഡിസിനിൽ നോബൽ സമ്മാന ജേതാവുമാണ്. മനുഷ്യമസ്തിഷ്കത്തെക്കുറിച്ച് നിരവധി ഗവേഷണങ്ങൾ നടത്തി. അദ്ദേഹം ദൈവീക സംരക്ഷണത്തിൽ വിശ്വസിക്കുന്ന ഒരു ക്രിസ്തുഭക്തനായി മാറി.

### 8. ജോർദ്ദാൻ പീറ്റേഴ്സൺ (1962)

ഒരു നിരീശ്വരവാദിയും ദൈവവിശ്വാസത്തോട് പൊരുത്തപ്പെടാൻ പ്രയാസപ്പെട്ട വ്യക്തിയുമാണ്. ഇതൊക്കെയാണെങ്കിലും അദ്ദേഹം ബൈബിൾ പഠിക്കുമായിരുന്നു. ഒടുവിൽ അദ്ദേഹം ബൈബിളിന്റെ പ്രത്യേകത തിരിച്ചറിഞ്ഞു. 2022 ൽ ഞാൻ ഒരു നിരീശ്വരവാദിയായി അറിയപ്പെടാൻ ആഗ്രഹിക്കുന്നില്ലെന്ന് പരസ്യമായി പ്രഖ്യാപിച്ചു. ഉല്പത്തി പുസ്തകത്തിൽനിന്നും ഒരു പ്രഭാഷണ പരമ്പര നടത്തുകയും ചെയ്തു.

### 9. ലീസ്ട്രോബെൽ (1952)

ഒരു പത്രപ്രവർത്തകനും നിരീശ്വരവാദിയുമായിരുന്നു. ബൈബിൾ തെറ്റാണെന്ന് തെളിയിക്കാൻ ഒരു ശ്രമം നടത്തി. എന്നാൽ ആ ശ്രമങ്ങൾ അദ്ദേഹത്തെ ഒരു ക്രിസ്തുശിഷ്യനാക്കി മാറ്റി.

### 10. റോസലിൻഡ് പിക്കാർഡ് (1962)

ഒരു നിരീശ്വരവാദിയായിരുന്നു. മനുഷ്യവികാരങ്ങളെ വ്യാഖ്യാനിക്കാനും കൂടുതൽ ആശയവിനിമയം നടത്താനുമുള്ള ഉപകരണങ്ങളും സാങ്കേതികവിദ്യകളും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടു. എന്നാൽ പിക്കാർഡ് ദൈവത്തെ കണ്ടുമുട്ടുകയും അവളുടെ കാഴ്ചപ്പാട് മാറുകയും ചെയ്തു.

# ദൈവാസ്തിത്വം തികച്ചും യാഥാർത്ഥ്യം



ബിജു ബഞ്ചമിൻ
അടൂർ

ദൈവത്തിന്റെ അസ്ഥിത്വത്തെ കുറിച്ച് സംശയം ഉന്നയിക്കുന്നവരുണ്ട്. ദൈവം നിലനിൽക്കുന്നു എന്നതിന് ശാസ്ത്രപരമായും യുക്തിപരമായും ചരിത്ര പരമായും ശരിയായ ഉത്തരം ഉണ്ട്. എന്നാൽ പലപ്പോഴും അസ്ഥിത്വത്തെ തെളിയിക്കാൻ പലരും ആവശ്യപ്പെടാറുണ്ട്. ദൈവാസ്ഥിത്വത്തെ മനസ്സിലാക്കാൻ അറിവ് മാത്രം പോരാ, വിശ്വാസവും അനിവാര്യമാണ്. കാരണം, നമ്മുടെ അറിവും വിശ്വാസവും തമ്മിൽ വലിയ ഒരു അന്തരമുണ്ട്. ഉദാഹരണമായി പറഞ്ഞാൽ കസേരയിൽ ഇരിക്കുന്നതു പോലും വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. വിശുദ്ധ ബൈബിളിലെ എബ്രായ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് “വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ’’(എബ്രാ.11:6) എന്നാണ്. ഒരുവൻ ദൈവത്തെ തിരിച്ചറിയുന്നത് വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. ദൈവത്തിൽ വിശ്വസിക്കുന്നത് അന്ധവിശ്വാസം മൂലം അല്ല. “യേശു അവനോടു: നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ എന്നു പറഞ്ഞു’’(യോഹ.20:29).

“നിങ്ങൾ തിരുവെഴുത്തുകളെ ശോധനചെയ്യുന്നു; അവയിൽ നിങ്ങൾക്കു നിത്യജീവൻ ഉണ്ടു എന്നു നിങ്ങൾ നിരൂപിക്കുന്നുവല്ലോ; അവ എനിക്കു സാക്ഷ്യം പറയുന്നു’’(യോഹ.5:39-40). വിശ്വാസത്തിന് ആധാരമായിരിക്കുന്നത് മാനുഷിക അനുഭവങ്ങളും യുക്തിയും പ്രായോഗിക തെളിവുകളുടെയും അടിസ്ഥാനത്തിൽ ആണ്. ദൈവാസ്തിത്വത്തെ കുറിച്ചുള്ള ചോദ്യത്തിന് മറുപടി നൽകാൻ ഇവയെല്ലാം സഹായകരവുമാണ്.

### ദൈവം ഉണ്ടോ ?-- മാനുഷിക അനുഭവം

ദൈവാസ്തിത്വത്തെ കുറിച്ച് ചർച്ചചെയ്യപ്പെടുമ്പോൾ യുക്തിപരമായ വാദമുഖത്തോടെയാണ് ആരംഭിക്കപ്പെടുന്നത്. അങ്ങനെ ചെയ്യുമ്പോൾ ഈ വിഷയത്തിന്മേൽ ശരിയായ ഒരു അവബോധം ലഭിക്കും. ദൈവാസ്തിത്വത്തിന്റെ തെളിവ് മനുഷ്യരുടെ അനുഭവം കൂടിയാണ്.“ദൈവത്തെക്കുറിച്ചു അറിയാകുന്നതു അവർക്കു വെളിവായിരിക്കുന്നു;

ദൈവം അവർക്കു വെളിവാക്കിയല്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്കു തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിന്നു തന്നേ''(റോമ.1:19-20). ‘‘ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു''(സങ്കീ.19:1). ‘‘അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വെച്ചിരിക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല''(സഭാ.3:11). നമ്മുടെ അനുഭവങ്ങൾ ഈ വിഷയപൂർത്തീകരണത്തിന് മതിയായതല്ല. ദൈവം പൊതുവായ വെളിപ്പാടുകൾ നൽകി നമ്മെ അവനിലേക്ക് ക്ഷണിക്കുന്നു.‘‘ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും''(വെളി.3:20). പൊതുവായ അനുഭവങ്ങൾ തുടർന്നുള്ള ഉത്തരങ്ങൾ അന്വേഷിക്കാൻ സഹായകരമാകുന്നു.‘‘യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്കും.യാചിക്കുന്ന ഏവന്നും ലഭിക്കുന്നു; അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കും''(മത്താ.7:78). ദൈവത്തിന്റെ ആഹ്വാനം കേട്ടിട്ടും അതിനെ തള്ളിക്കളയുന്നവർക്കുള്ള ഭയനിർദ്ദേശവും ദൈവം തന്നെ അറിയിച്ചിരിക്കുന്നു.‘‘അനീതികൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്നു വെളിപ്പെടുന്നു''(റോമ.1:18). ‘‘ദൈവം ഇല്ല എന്നു മൂഢൻ തന്റെ ഹൃദയത്തിൽ പറയുന്നു; അവർ വഷളന്മാരായി മ്ളേച്ഛത പ്രവർത്തിക്കുന്നു; നന്മചെയ്യുന്നവൻ ആരുമില്ല''(സങ്കീ.14:1).

### ദൈവം ഉണ്ടോ ?- മാനുഷിക യുക്തി

വളരെ ശക്തമായ മൂന്നു യുക്തിപരമായ ചിന്തകളാണുള്ളത്. അവ പ്രപഞ്ചവിവരണ ശാസ്ത്രം(Cosmological) പ്രയോജനവാദപരമായത് (Teleological) ധാർമ്മികമായത് (Moral Arguments

### പ്രപഞ്ചവിവരണ വാദം (Cosmological argument).

കാരണവും ഫലവും എന്ന തത്ത്വമാണ് ഇതിന് ഉപയോഗിക്കുന്നത്. ഓരോ ഫലത്തിനും അതിന്റേതായ പ്രത്യേക കാരണങ്ങൾ ഉണ്ടായിരിക്കും. അതായത് ഓരോ കാരണവും ഏതെങ്കിലും ഒരു മുൻകാല ഫലത്തിന്റെ കാരണമായിരിക്കണം. എന്തായാലും യുക്തിസഹജമായി പറഞ്ഞാൽ ഇന്ന് കാണപ്പെടുന്ന ഈ മഹാപ്രപഞ്ചം സ്വയമായി ഉണ്ടായിവന്നതല്ല. എതൊരു വസ്തുവിന്റെയും പിന്നിൽ ഒരു നിർമ്മാതാവ് ഉള്ളതുപോലെ ഈ മഹാസൃഷ്ടിക്ക് പിന്നിലും ഒരു നിർമ്മാതാവ് ഉണ്ട്. അത് സ്രഷ്ടാവായ ദൈവം തന്നെയാണ്.

### പ്രയോജനാവാദം(Teleological argument).

പ്രയോജനാവാദപരമായി പ്രപഞ്ചത്തിന്റെ ഘടന പരിശോധിക്കുമ്പോൾ ഏറ്റവും വലിയ ഗാലക്സികളും നമ്മുടെ സോളാർ സിസ്റ്റവും നമ്മുടെ ഡി എൻഎ- യും സബ്- ആറ്റോമിക് കണികകളുമെല്ലാം മനഃപൂർവ്വം ക്രമീകരിച്ചിരിക്കുന്നു എന്നതിന്റെ തെളിവുകളാണ്. ഇതിന്റെ പിന്നിലുള്ള കാരണം വളരെ ശക്തമാണ്, ഒരു തീവ്ര നിരീശ്വരവാദിക്ക് പോലും ഈ രൂപകല്പനയെ വിശദീകരിക്കാൻ പ്രയാസമാണ്.

### ധാർമ്മിക വാദം(The moral argument)

ധാർമ്മിക വാദം എന്നത് നല്ലതും ചീത്തയുമായ ആശയങ്ങളിലേക്ക് വിരൽ ചൂണ്ടുന്നതാണ്. കേവലം ‘‘എന്താണ്'' എന്നതല്ല ‘‘എന്തായിരിക്കണം'' എന്നതിനെക്കുറിച്ചുള്ള ചർച്ചകളാണ് ഇതിൽ കാണുന്നത്. ക്രമരഹിതമായി പരിണമിച്ച ഒരു ജീവി എന്തുവിലകൊടുത്തും അതിജീവിക്കുമെന്ന് പ്രതീക്ഷിക്കുന്നത് ക്രൂരവും സ്വാർത്ഥവുമായ ന്യായവാദമാണ്. അത്തരം വാദഗതികൾ ധാർമ്മികമായ തത്ത്വങ്ങളെ ശക്തമായി എതിർക്കുന്നു. മനുഷ്യർ ഭൗതികമല്ലാതെ, ധാർമ്മിക നിലകളിൽ ചിന്തിക്കുന്നു എന്ന ആശയം തന്നെ ശ്രദ്ധേയമാണ്. അതിനപ്പുറം, മനുഷ്യ ധാർമികതയുടെ അടിസ്ഥാന ഉള്ളടക്കം ചരിത്രത്തിലുടനീളവും സംസ്കാരങ്ങളിൽ ഉടനീളവും സ്ഥിരമായി നിലനിൽക്കുന്നതാണ്.

### ദൈവം ഉണ്ടോ ? --മാനുഷിക ശാസ്ത്രം

മുകളിലെ യുക്തിപരമായ വാദ നിരീക്ഷണങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുള്ളതാണിത്.മഹാവിസ്ഫോടന സിദ്ധാന്തം പോലെയുള്ള ആശയങ്ങൾ, ശാശ്വതമല്ലാത്ത ഒരു പ്രപഞ്ചം സൃഷ്ടിക്കുന്നതിന്റെ ശാസ്ത്രീയമായ സാധുതയെയെങ്കിലും തെളിയിക്കുന്നു.

### ദൈവം ഉണ്ടോ ? --നമ്മിലുള്ള ദൈവം

മുമ്പറഞ്ഞ മുഴുവൻ പഠന മേഖലകളും ആയിരക്കണക്കിന് പുസ്തകങ്ങളുടെ വിഷയങ്ങളാണ്. എങ്കിലും ദൈവത്തിന്റെ അസ്തിത്വം ഏറ്റവും അഗാധമായി തെളിയിക്കപ്പെട്ടിരിക്കുന്നു, മിക്ക ആളുകൾക്കും, വ്യക്തിപരമായ അനുഭവത്തിൽ ദൈവം അനന്യനായി ഇന്നും നിലനിൽക്കുന്നു.

ഗാനപരിചയം

മനമേ എൻ മനമേ
ഓർക്കുക നാഥന്റെ സ്നേഹം
കാൽവറിയിൽ ചൊരിഞ്ഞല്ലോ
തിരുരുധിരം നിനക്കായ് (2)

1. നിൻ പാപഭാരം ചുമന്നവൻ ഗോൽഗോഥാ മുകളിൽ
നടന്നു നീങ്ങുന്നു വേച്ചും കിതച്ചും വഴിയിൽ (2)
വിരിച്ചു നാഥൻ ഇരു കൈകൾ മരക്രൂശിൽ നിനക്കായ്
ആഴ്ന്നിറങ്ങുന്നു ആണികൾ പാണിയിൽ നിനക്കായ് (2)

(മനമേ)

2. ഇരുകാൽകൾ നിനക്കായ്
തറച്ചു കാൽവറി ക്രൂശിൽ
ഉയർത്തുന്നാ ക്രൂശിനെ
ഇടുന്നു എടുത്തതാം കുഴിയിൽ (2)
വലിഞ്ഞുലഞ്ഞു പുളയുന്നു വേദനയാൽ ദേഹം
ആഴ്ന്നിറങ്ങിയതാം മുള്ളിന്റെ കുത്തേൽക്കപ്പെടുന്നു (2)

(മനമേ)

3. നിസ്സഹായനായി കിടക്കുന്നു
കാൽവറി ക്രൂശിൽ
പിതാവിൻ തൃകൈയിൽ ഏല്പിച്ചു ആത്മാവിനെ നിനക്കായ് (2)
ഉയർത്തെഴുന്നേറ്റു മൃതിയെ വെന്നുമൂന്നാംനാൾ
ജീവിക്കുന്നിന്നും പിതാവിൻ വലഭാഗേ നിനക്കായ് (2)

(മനമേ)

മനമേ എൻ മനമേ
ക്രിസ്തുവിൽ എപ്പോഴും സന്തോഷിക്ക
വരുമല്ലോ നാഥൻ നിന്നെയും ചേർപ്പാനായ് വാനിൽ (2)

(മനമേ)

Lyricist & Music Composer : Vipindas M Vattappara (VOSI 4 CHRIST)

Edited, Printed, Published & Owned by Shinedas Kandanthitta;Printed at South India Press, Marthandam, Published from Kattalapparayil, Kudayal P O, Vellarada, TVM-695505, Mob:999 5927502,Email:southernvoice2023@gmail.com